# മിഷൻ സ്മരണകൾ
## (1921 - 1925)



Fr. Gregory. C. M. I

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മിഷൻ സ്മരണകൾ

## (1921 – 1925)

Fr. Gregory, C. M. I.

www.malankaralibrary.com

# പ്രസ്താവന

മാർ ഈവാനിയോസിൻെറയും മററും 1930 സെപ്ററംബർ 20—ലെ സഭാ പരിവത്തനത്തിനു ശേഷം കേരളത്തിൻെറ നാനാ ഭാഗങ്ങളിലായി പുത്തൻകൂററ് സുറിയാനിക്കാരിൽനിന്നും അനേകർ കത്തോലിക്കരായിത്തീരുകയും, അവർക്കായി രണ്ടു രൂപതകറം തന്നെയും സ്ഥാപിതമാകുകയും ചെയ്തിട്ടുണ്ടെന്നതു സുപ്രസിദ്ധമാണല്ലൊ. എന്നാൽ, അതിനു എട്ടൊമ്പതു കൊല്ലം മുൻപ്, എന്നുവച്ചാൽ കത്തോലിക്കരെപ്പററി 'ഇവർ നമ്മുടെ കർത്താവായ യേശുമിശിഹായെ കുരിശിൽ തൂക്കിക്കൊന്നവർ (റോമാക്കാർ) അല്ലയോ?' എന്നു പോലും നിഷ്ക്കപടമാനസ്സരായ ചില പുത്തൻകൂറുകാർ ചോദിച്ചിരുന്ന ഒരു കാലത്തു, കൊല്ലം മെത്രാൻ പുണ്യശ്ലോകനായ ബൻസിഗർ തിരുമേനിയുടെ പക്കൽ പന്തളം തുമ്പമൺ പ്രദേശങ്ങളിൽ നിന്നും ചിലർ വന്ദ്യനായ പമ്പൂരേത്തു് തോപ്പിൽ ചാണ്ടപ്പിള്ള കത്തനാരുടെ നേതൃത്വത്തിൽ തുടർച്ചയായും നിർബന്ധമായും സമർപ്പിച്ച അപേക്ഷകളുടേയും, അന്നു കേരള കർമ്മെലീത്താ സഭയുടെ പ്രിയോർ ജനറാളായിരുന്ന കട്ടക്കയത്തിൽ പെ. ബ. കൊച്ചുചാണ്ടിയച്ചനുമായി ആ തിരുമേനി നടത്തിയ എഴുത്തുകുത്തുകളുടെയും ഫലമായി 1921 ഡിസംബർ 21—ൽ സ്ഥാപിതമായ ഒന്നത്രേ പന്തളം കത്തോലിക്കാ മിഷൻ.

1943—ൽ 84–ാം വയസ്സിൽ ദിവംഗതനായ ഫാദർ സ്റ്റീവൻ തയ്യിൽ, ഫാദർ ഹയസിന്തു് കുന്നുങ്കൽ എന്ന യുവ വൈദികനോടുകൂടെ, മാന്തുകയിലുള്ള ബ. പമ്പൂരേത്തച്ചൻെറ ഭവനത്തിലാണു അതു സമാരംഭിച്ചതു്. ഒരു മാസശേഷം ഫാദർ ഹയസിന്തു് ചെത്തിപ്പുഴയ്ക്കു മടങ്ങി. പകരം ഞാൻ നിയമിതനായി. ഫെബ്റുവരി ആരംഭ

www.malankaralibrary.com

ത്തോടെ ഞങ്ങളുടെ വാസം കുളനട ചന്തയ്ക്കു കിഴക്കുവശത്തു തയാറാക്കിയിരുന്ന ഒരു പുതിയ കെട്ടിടത്തിലേക്കു മാററി. മൂന്നാലു മാസം അവിടെ താമസിച്ചശേഷം മിഷൻെറ ആസ്ഥാനം തുമ്പമൺ യാക്കോബായ പള്ളിക്കു തെക്കുവശം ഒരു വാടക കെട്ടിടത്തിലേക്കും, ഒരു കൊല്ലത്തിനുശേഷം കൊട്ടാരക്കര പുലമൺ കവലയ്ക്കു് പടിഞ്ഞാറായി മിഷൻ വക ഒരു പുതിയ കെട്ടിടത്തിലേക്കും മാററുകയുണ്ടായി. 1924 ഫെബ്രുവരിയിൽ ഫാദർ സ്റ്റീവൻ മടങ്ങി. അനന്തരം എൻെറ സഹായത്തിനായി ആദ്യം ഫാദർ ഹെൻറി വടക്കേടവും പിന്നീടു് ഫാദർ ഇഗ്നേഷ്യസ് മിത്രക്കരിയും നിയമിതരായി.

അങ്ങനെ ഞങ്ങളുടെ വാസം പന്തളത്തും, തുമ്പമണ്ണിലും കൊട്ടാരക്കരയും ഉറപ്പിച്ചുകൊണ്ടു് തിരുവല്ലാ മുതൽ തെക്കോട്ടു് ചാത്തന്നൂർ വരെയും, കായംകുളം മാവേലിക്കര മുതൽ കിഴക്കോട്ടു് റാന്നി കോന്നിവരെയും പുത്തങ്കൂററുകാർ കൂട്ടമായി വസിക്കുന്ന മിക്ക സ്ഥലങ്ങളിലും മൂന്നിൽപ്പരം കൊല്ലങ്ങളോളം ചുററി സഞ്ചരിക്കുന്നതിനും, സാമുദായികമായും മതാത്മകമായുമുള്ള അവരുടെ സ്ഥിതിയും നിലയും വിഷമതകളും കണ്ടുതന്നെ ഗ്രഹിക്കുന്നതിനും, അവരിൽ വൈദികരും അൽമായരുമായ പല മഹത്തുക്കളുമായി പരിചയപ്പെടുന്നതിനും ഞങ്ങൾക്കു ഇടയായിട്ടുണ്ടു്.

അന്നത്തെ ചില സ്മരണകളാണു് ''മിഷൻ സ്മരണകൾ'' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ ചെറു പുസ്തകം. ഇതിൻെറ ഉള്ളടക്കം കീഴെ പറയുന്നവയാണു്. 1. അന്നു പുനരൈക്യത്തിനുണ്ടായിരുന്ന ചില പ്രതിബന്ധങ്ങൾ. 2. അന്ത്യോക്യൻ റീത്തു ഉടനെ ഇവിടെ അനുവദിച്ചുകൊടുക്കേണ്ടതിൻെറ ആവശ്യകതയെ പുരസ്കരിച്ചു 1924—ൽ റോമിൽനിന്നും ഇൻഡ്യയുടെ ഒരു പ്രത്യേക വിസിററർ അപ്പൊസ്തോലിക്കായി നിയുക്തനായി വന്നിരുന്ന അത്യുന്നത ലെപ്പീസ്യേ തിരുമേനിയുടെ പക്കൽ ഞാൻ സമർപ്പിച്ച സുദീർഘമായ അപേക്ഷയും അതിനു

www.malankaralibrary.com

ഉടനേ ലഭിച്ച ആശാവഹമായ മറുപടിയും. 3. അന്ന ത്തെ മിഷൻെറ ഒരു വിശിഷ്ടഫലം എന്നു പറയപ്പെടാവു ന്ന 'തുമ്പമൺ വല്യപ്പനെ' സഭാ പരിവത്തനത്തിനു പ്രേ രിപ്പിച്ച കാരണങ്ങളും. 4. അന്നത്തെ മിഷൻെറ അവ സാനത്തിൽ ബൻസിഗർ മെത്രാനച്ചൻെറ നിർദ്ദേശാനു സരണം അദ്ദേഹത്തിനു സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൻെറ ഒരു ചുരുക്കവും ഇന്നത്തെ സ്ഥിതിവ്യത്യാസവും.

പല കൊല്ലങ്ങൾക്കുമുമ്പ് തയ്യാറാക്കി സൂക്ഷിച്ചി രുന്ന ഈ ചെറു പുസ്തകം പ്രസിദ്ധീകരിക്കണമെന്നൊരു ഉദ്ദേശ്യമേ ഇല്ലായിരുന്നു. എന്നാൽ ഈയിടെ ചില സ ഹൃദയന്മാർ ഇതു കാണാനും വായിക്കാനും ഇടയായി. അ വരാകട്ടെ ഇതു ഉടനെ പ്രസിദ്ധീകരിക്കേണ്ടതാണെന്നും, ഇതു പലർക്കും രസാവഹവും പ്രയോജനകരവും ആയിരി ക്കുമെന്നും അഭിപ്രായപ്പെടുകയുണ്ടായി. അവരുടെനിർബ ന്ധപൂർവ്വമായ പ്രേരണമൂലമാണു ഇപ്പോൾ, അതേ പന്തളം മിഷൻ സമാരംഭിച്ചിട്ട് 50 കൊല്ലം പൂർത്തിയാകുന്ന ഈ ശുഭാവസരത്തിൽ ഇതു പ്രസിദ്ധം ചെയ്യുന്നതു്. ആ സ ഹൃദയരുടെ പ്രത്യാശയനുസരിച്ച് ഇതു് അനേകർക്ക് ഉ പയോഗയോഗ്യമായിത്തീരട്ടെ എന്നുള്ള പ്രാത്ഥനയോടെ ഇതു പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

Fr. Gregory Neerakal, C. M. I

Kurianad P. O.,

21 - XII - 1971

www.malankaralibrary.com

# വിഷയ വിവരണിക

പ്രസ്താവന.

അദ്ധ്യായം I.

പുനരൈക്യത്തിനുണ്ടായിരുന്ന
പ്രതിബന്ധങ്ങൾ

1. മതനിഷ്പക്ഷത 1
2. അനുസരണമില്ലായ്കയും,
അധികാരത്തോടുള്ള അനാദരവും 5
3. സ്വതന്ത്രമായ വേദപുസ്തക പാരായണം 7
4. എല്ലാററിനും വേദപുസ്തകം സാക്ഷിയല്ല 10
5. മദമല്ല, മതമാണാവശ്യം 4
6. പാഷണ്ഡോപദേശശ്രവണം 15

അദ്ധ്യായം II.

അന്ത്യോക്യൻ റീത്തിനുവേണ്ടി വിസിററർ അപ്പൊസ്തോലിക്ക് ലപ്പീസ്യേക്ക് 1924-ൽ ഞങ്ങൾ സമർപ്പിച്ച അപേക്ഷയും അതിനു ലഭിച്ച മറുപടിയും 17

അദ്ധ്യായം III.

തുമ്പമൺ വല്യപ്പനെ സഭാപരി
വർത്തനത്തിനു പ്രേരിപ്പിച്ച കാരണങ്ങൾ 24

ഉപസംഹാരം.

കൊല്ലം മെത്രാനച്ചനു സമർപ്പിച്ച അവസാന തെറിപ്പോർട്ടിൻെറ ചുരുക്കവും, ഇന്നത്തെ സ്ഥിതിവ്യത്യാസവും. 39

www.malankaralibrary.com

# മിഷൻ സ്മരണകൾ
## (1921 – 1925)

### അദ്ധ്യായം 1

## പുനരൈക്യത്തിനു നേരിട്ടിരുന്ന ചില പ്രതിബന്ധങ്ങൾ.

### 1. മതനിഷ്പക്ഷത

“തിരുവനന്തപുരം കോട്ടയുടെ പല ഗോപുര വാതിലുകളിൽ ഏതിൽ കൂടെയെങ്കിലും ഒരുവനു കോട്ടയ്ക്കകത്തു പ്രവേശിച്ചു കൊട്ടാരത്തിലേക്കു വരാവുന്നതുപോലെ ഏതു മതസ്ഥർക്കും സ്വന്ത വേദാചാര മാർഗ്ഗേണ നിർവിഘ്നം സ്വർഗ്ഗത്തിൽ പ്രവേശിക്കാം” എന്നു പരിഷ്ക്കാര പ്രിയനായിരുന്ന തിരുവിതാംകൂറിലെ വിശാഖം തിരുനാൾ മഹാരാജാവ് ഒരിക്കൽ തന്റെ ഒരു ക്രൈസ്തവ സ്നേഹിതനോടു പറയുകയുണ്ടായി. “മതം ഏതായാലും വേണ്ടില്ല, മനുഷ്യൻ നന്നായാൽ മതി” എന്നുള്ള ഒരു പ്രസ്താവന നാം ഇന്നു സാധാരണ കേട്ടുവരുന്ന ഒന്നാണല്ലൊ. പക്ഷേ യാതൊരു ക്രൈസ്തവനും ഈ അഭിപ്രായങ്ങൾ വകവച്ചുകൊടുക്കുകയില്ല. കാരണം, “ഒരു കർത്താവും ഒരു വിശ്വാസവും, ഒരു ജ്ഞാനസ്നാനവും” (എഫേസ്യർ IV. 5) എന്നത്രെ പരിശുദ്ധാത്മാവ് വി. പൌലോസ് മുഖേന അറിയിക്കുന്നത്.

അതേ, സത്യദൈവം ഒന്നു മാത്രം ആയിരിക്കുന്നതുപോലെ സത്യമതവും ഒന്നു മാത്രമേ ആയിരിക്കുകയുള്ളു. രണ്ടു സത്യ ദൈവങ്ങൾ ഉണ്ടെന്നു വിചാരിക്കുക അശക്യമായിരിക്കുന്നതുപോലെയാണു രണ്ടു സത്യമതങ്ങൾ ഉണ്ടെ

www.malankaralibrary.com

ന്നു വിചാരിക്കുന്നതും. പരസ്പര വിരുദ്ധോപദേശങ്ങൾ നൽകുന്ന മതങ്ങളിൽ ഒന്നല്ലാതെ എല്ലാം സത്യമാകയില്ല. സത്യത്തിനു സാക്ഷി നിൽക്കുന്നതിനും, സത്യം മനുഷ്യരെ പഠിപ്പിക്കുന്നതിനുമായി അവതീർണ്ണനായ — സത്യദൈവമായ — ക്രിസ്തു സ്ഥാപിച്ച ക്രിസ്തുമതം മാത്രമാണു സത്യമതമെന്നും, മറ്റൊന്നും സത്യമല്ലെന്നും പൂർണ്ണബോദ്ധ്യം ഉള്ളതുകൊണ്ടാണ് മേലുദ്ധരിച്ച അഭിപ്രായങ്ങളെ ഏതൊരു ക്രൈസ്തവനും പാടേ നിഷേധിക്കുന്നത്. അഞ്ചും അഞ്ചും പത്താണെന്നു നിശ്ചയമുള്ളവനു പത്തല്ലാത്ത ഏതൊരു തുകയും അഞ്ചും അഞ്ചും കൂടിയതല്ലെന്നു എളുപ്പം ഗ്രഹിക്കാമല്ലൊ.

എന്നാൽ, സത്യമതം ഒന്നേ ഉണ്ടാകാവൂ എന്ന ന്യായത്താൽ ക്രിസ്തുമതംമാത്രമാണ് ഏകസത്യമതം എന്നു വിശ്വസിക്കുന്ന കത്തോലിക്കേതര ക്രിസ്ത്യാനികൾ, ക്രൈസ്തവസഭകൾ പലതുണ്ടെങ്കിലും അവയിൽ ഏതും രക്ഷയ്ക്കു പര്യാപ്തമാണെന്നു കരുതുന്നതിലാണ് വിസ്മയം. അതു തീർത്തും യുക്തിവിരുദ്ധമത്രെ. എന്തെന്നാൽ, പരസ്പരവിരുദ്ധങ്ങളായ പ്രബോധനങ്ങൾ നൽകുന്ന വിവിധ ക്രൈസ്തവസഭകളിൽ ഒന്നല്ലാതെ എല്ലാം സത്യമാകയില്ല. ഉദാഹരണമായി പട്ടത്വം അത്യാവശ്യമാണെന്നു പഠിപ്പിക്കുന്ന സഭയും, പട്ടത്വമേ ആവശ്യമില്ലെന്നു പഠിപ്പിക്കുന്ന സഭയും — രണ്ടും — സത്യമാണെന്നു സുബുദ്ധിയുള്ള ആരെങ്കിലും സമ്മതിക്കുമോ? അതിനാൽ വ്യത്യസ്ത പഠനങ്ങൾ നൽകുന്ന മതങ്ങളിൽ ഒന്നുമാത്രമേ സത്യമാകയുള്ളു. എന്നതുപോലെതന്നെ വ്യത്യസ്ത പഠനങ്ങൾ നൽകുന്ന സഭകളിൽ ഒന്നുമാത്രമേ സത്യമായിരിക്കയുള്ളു. "സഭയെ കേൾക്കാത്തവൻ നിങ്ങൾക്ക് അജ്ഞാനിയെയും ചുങ്കക്കാരനെയുംപോലെ ആയിരിക്കട്ടെ" എന്നാണല്ലൊ (വി. മത്തായി XVIII . 17.) ക്രിസ്തുനാഥൻ ശക്തിയായ ഭാഷയിൽ അരുൾ ചെയ്യുന്നത്. ഇവിടെ സഭയെ എന്നു പറയുന്നതു ക്രിസ്തുവിനാൽ സ്ഥാപിതമായ ഏക സത്യസഭയെ എന്നല്ലാതെ ഏതെങ്കിലും ഒരു സഭയെ എന്നു ഗ്രഹിക്കുക സാദ്ധ്യമാണോ?

www.malankaralibrary.com

കാര്യത്തിൻെറ യഥാൎത്ഥസ്ഥിതി ഇങ്ങനെയെല്ലാമാണെങ്കിലും, ഒരു നൂറിൽപരം കൊല്ലത്തെ പ്രോട്ടസ്റ്റൻറുകാരുമായുള്ള സംസർഗ്ഗംമൂലം, പുത്തൻകൂറുകാർക്ക് നേരിട്ടിട്ടുള്ള ഒരു വലിയ വിപത്തു 'സഭാനിഷ്പക്ഷത' അത്രെ. അതായതു ഏതു സഭയിലും രക്ഷയുണ്ട് എന്നു പരോക്ഷമായെങ്കിലും അവൎക്കുള്ള ഒരു ധാരണയാണ്. ക്രിസ്തു സ്ഥാപിച്ച ഏക സത്യസഭ കത്തോലിക്കാസഭയാണെന്നു ആ സഭയുടെ അനുയായികൾക്ക പൂൎണ്ണബോദ്ധ്യമുള്ളതുകൊണ്ടു അവർ എന്നും എവിടെയും അതു ധൈര്യമായി പ്രഖ്യാപനം ചെയ്യുന്നു. വിശ്വാസത്തിൻെറ ശരിയായ അളവുകോൽ (Rule of Faith) സ്വകീയ വ്യാഖ്യാനത്തോടുകൂടിയ വേദപുസ്തകമല്ല, പ്രത്യുത സത്യസഭയാണെന്നു പുത്തൻകൂറുകാരും സമ്മതിക്കുന്നുണ്ടെങ്കിലും, തങ്ങളുടേതാണു ഏക സത്യസഭയെന്നോ, കത്തോലിക്കാ സഭയിൽ രക്ഷയില്ലെന്നോ പറയാൻ ഇവരാകട്ടെ മറേറതെങ്കിലും സഭക്കാരാകട്ടെ ധൈര്യപ്പെടുന്നില്ല.

ഞാൻ കൊട്ടാരക്കര താമസിക്കുകയിൽ ഒരിക്കൽ കോട്ടയത്തു നിന്നും ആലപ്പുഴയ്ക്കുള്ള ബോട്ടിൽ യാത്രകഴിക്കാനിടയായി. ആ ബോട്ടിൽ എൻെറസമീപെ ഒരു പ്രോട്ടസ്റ്റൻറ് ഉപദേശിയും, ഒരു യാക്കോബായക്കാരനും ഒരു മാൎത്തോമ്മാക്കാരനും ഇരുന്നിരുന്നു. സംഭാഷണമദ്ധ്യേ ഉപദേശി ഇങ്ങനെ പറയുകയുണ്ടായി.

"അച്ചാ, ഒന്നുകിൽ അങ്ങയുടെ അല്ലെങ്കിൽ എൻെറ നിലയാണ്ശരി. ഇവരുടെനില എങ്ങനെയായാലും തെററാണെന്നതിനു സംശയമില്ല. കാരണം, വിശ്വാസത്തിൻെറശരിയായ അളവുകോൽ വേദപുസ്തകം മാത്രമാണെന്നു ക്രിസ്ത്യാനികളിൽ ഒരു കൂട്ടരും, അതല്ല സത്യസഭയാണെന്നുവേറൊരുകൂട്ടരും വാദിക്കുകയാണല്ലൊ ചെയ്യുന്നത്. ഞങ്ങളാണെങ്കിൽ ആദ്യത്തെ അഭിപ്രായക്കാരാണ്. ഇവരാകട്ടെ രണ്ടാമത്തെ അഭിപ്രായക്കാരാണ്. ആ സ്ഥിതിക്ക ഇവർ അങ്ങയോടുകൂടെ ആദിമസഭയായ കാതോലിക്കാസഭയിൽ ചേൎന്നു നിൽക്കേണ്ടതാണ്. അതല്ലെങ്കിൽ ആ അഭിപ്രായം ഉപേക്ഷിച്ച് ഞങ്ങളുടെകൂടെ ചേ

www.malankaralibrary.com

രേണ്ടതാണ്. ഇപ്പോഴത്തെ ഇവരുടെ നിലപാടിനാക ട്ടെ ഒരടിസ്ഥാനവുമില്ല.''

ഒരിക്കൽ ഒരു യാത്രാവേളയിൽ ഒരു ചേരമ പ്രൊട്ട സ്റ്ററു യുവാവ് എന്നോടു പറഞ്ഞ ഒരു കാര്യവും ഇവി ടെ പ്രസ്താവ്യമാണ്. അയാൾ പറയുന്നു: ''അച്ചാ, ഞാൻ ചൂരനാട്ടു സ്വദേശിയാണ്. ഞങ്ങളുടെ ആ ദിക്കി ലും ഞങ്ങളുടെ ജാതിക്കാരിൽ നിന്നും പലർ നിങ്ങളു ടെ സഭയിൽ ചേർന്നിട്ടുണ്ട്. പക്ഷേ ഞങ്ങൾക്കു വി വാഹത്തിനു അവർ പെണ്ണു തരികയില്ല. അതിനു അവർ പറയുന്ന ന്യായം എന്താണെന്നോ? ഞങ്ങൾ പ്രകാശത്തിൽ ഇരിക്കുന്നവരാണ്. നിങ്ങളൊ അന്ധകാ രത്തിൽ ഇരിക്കുന്നവർ. അങ്ങനെയിരിക്കെ പ്രകാശ ത്തിലിരിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പെൺകുഞ്ഞുങ്ങളെ അന്ധകാരത്തിലേക്കു തള്ളി വിടുമോ? അതു ശരിയാ ണോ? എന്നൊക്കെയാണു അവർ പറയുന്നത്.''

ഇതര സഭകൾ രക്ഷാമാർഗ്ഗങ്ങൾ അല്ലാ എന്നു പുത്ത ൻകൂറുകാർ ധൈര്യമായി ഖണ്ഡിച്ചു പറയാത്തതിനു ഒരു യാക്കോബായ മാന്യൻ എന്നോടു പറഞ്ഞ ഒരു ന്യായവും ഇവിടെ പ്രസ്താവിക്കാം. ''ഒരു യാബോയക്കാരനായ ഞാൻ ഒരു മാർത്തോമ്മാക്കാരിയെയാണു വിവാഹം കഴി ച്ചിരിക്കുന്നത്. എന്റെ ഒരു മകളെ സി.എം. എസ്സിലും മറെറാരു മകളെ പെന്തക്കോസ്തിലും എന്റെ ഒരു പെങ്ങ ളെ കാതോലിക്കാ സഭയിലുമാണു കെട്ടിച്ചിരിക്കുന്നത്. അങ്ങനെയിരിക്കെ, എന്റെ ഭാര്യയുടെയോ, പെൺമക്ക ളുടെയോ, സഹോദരിയുടെയോ സഭകളിൽ രക്ഷയില്ലെ ന്നു പറയാൻ ഞാൻ എങ്ങനെയാണു ധൈര്യപ്പെടുക ?''

വിശ്വാസത്തിനനുസരിച്ചുള്ള പ്രവൃത്തിയില്ലെങ്കിൽ പ്രയോജനമെന്തു്? ''ഒരുവൻ തനിക്കു വിശ്വാസമുണ്ടെ ന്നു പറയുകയും, അവനു പ്രവൃത്തികൾ ഇല്ലാതിരിക്കുക യും ചെയ്താൽ എന്തു പ്രയോജനം?....പ്രവൃത്തി കൂടാതെയു ള്ള വിശ്വാസം തനിയേ ചത്തതാകുന്നു.'' (വി. യാക്കോ ബ് II. 14–17) എന്നാണല്ലൊ വി. യാക്കോബ് ശ്ലീഹാ എഴുതിയിരിക്കുന്നത്.

www.malankaralibrary.com

## 2.. അനുസരണമില്ലായ്കയും, അധികാരത്തോടുള്ള അനാദരവും.

പ്രോട്ടസ്റ്റൻറുകാരുമായുള്ള സംസർഗ്ഗഫലമായി പുത്തൻകൂറുകാർക്ക് നേരിട്ടിട്ടുള്ള വേറൊരു വിപത്തു മേലധികാരത്തോടു വേണ്ടതായ ബഹുമാനത്തിൻെറയും അനുസരണത്തിൻെറയും കുറവാണ്. ക്രിസ്തുവിൻെറ പ്രതിനിധികം എന്നു കരുതി പുത്തൻകൂറുകാർ പ്രത്യേകവിധം ബഹുമാനിച്ചാദരിച്ചിരുന്ന അന്ത്യോക്യാ പാത്രിയർക്കീസു ബാവായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അധികാരങ്ങൾ പ്രോട്ടസ്റ്റൻറുകാരുടെയിടയിൽ കാൻറർബറി ആർച്ചുബിഷപ്പിനുള്ള നാമമാത്രമായ അധികാരത്തോടു സമമായിട്ടാണ് ഇന്നിവിടെ പ്രായോഗികമായി നോക്കുന്നപക്ഷം തീർന്നിരിക്കുന്നത്. അവരുടെയിടയിൽ കണ്ടുവരുന്ന മിക്ക കുഴപ്പങ്ങളുടെയും വഴക്കുകളുടെയും പ്രധാന കാരണം ഈ അനുസരണമില്ലായ്കയും, വൈദികരോട്—പ്രത്യേകിച്ച് മഹാഭൂരിപക്ഷം വരുന്ന വിവാഹിതരായ വൈദികരോട് — ഉള്ള അനാദരവുമാണെന്നു നിസ്തർക്കമാണ്.

മതസംബന്ധമായി എന്നോടു ഓരോന്നെല്ലാം സംസാരിച്ചുകൊണ്ടിരുന്ന മാന്യനും സരസനുമായ ഒരു യാക്കോബായ യുവാവു സംഭാഷണമദ്ധ്യേ ഇങ്ങനെ പറയുകയുണ്ടായി. ‹‹അച്ചാ അവിടുന്നു പറയുന്നതെല്ലാം ശരിതന്നെ. പക്ഷേ, ഞങ്ങൾക്കു അതനുസരിച്ചു പ്രവർത്തിക്കാനോ, ഞങ്ങൾ നില്ക്കുന്ന നിലയിൽനിന്നു മാറാനോ ഉള്ള വിഷമത ചില്ലറയൊന്നുമല്ല. മലങ്കരസഭ ഒരു സ്വതന്ത്രസഭയാണ്. ഞങ്ങളുടെ ഇപ്പോഴത്തെ നിലയ്ക്കു ഞങ്ങൾക്കു എത്ര നല്ല സ്വാതന്ത്ര്യമാണുള്ളത്? നിങ്ങളുടെ സഭയിലാണെങ്കിൽ എത്രയെത്ര കെട്ടും പൂട്ടുമാണുള്ളത്? നിങ്ങളുടെയും ഞങ്ങളുടെയും സഭാഘടനതന്നെ വ്യത്യസ്തമാണ്. നിങ്ങളുടെ സഭയിൽ പാപ്പാ മെത്രാന്മാരെയും, മെത്രാന്മാർ പട്ടക്കാരെയും, പട്ടക്കാർ ജനങ്ങളെയും ഭരിക്കുന്നു. ഞങ്ങളുടെ ഇടയിലാകട്ടെ അനുഭവേ

www.malankaralibrary.com

ത്തിൽ ബാവായെ മെത്രാന്മാരും, മെത്രാന്മാരെ പട്ടക്കാരും, പട്ടക്കാരെ ജനങ്ങളുമാണു ഭരിക്കുന്നതെന്നു പറയാം. നോക്കുക, എത്ര നല്ല സ്വാതന്ത്ര്യം! ഈ സ്വാതന്ത്ര്യം പരിത്യജിച്ചിട്ട് ഇത്രയധികം ബന്ധവസ്സുകളോടുകൂടിയ റോമാസഭയിൽ ഞങ്ങൾ എങ്ങനെയാണച്ചാ ചേരുക?''

തുമ്പമൺ അങ്ങാടിയിൽ ഒരു ഭവനത്തിൽ കുറേ യാക്കോബായക്കാർ കൂട്ടം കൂടിയിരിക്കയിൽ ഞാൻ അതിലേ കടന്നുപോകാൻ ഇടയായി. അപ്പോൾ ഞാൻ അവിടെ ഒന്നു കയറിപ്പോകണമെന്നു അവർ ആവശ്യപ്പെട്ടതനുസരിച്ചു ഞാൻ അവിടെ കയറി. അവരെല്ലാം സസന്തോഷം എന്നെ സ്വീകരിച്ചിരുത്തി. അനന്തരമുണ്ടായ സംഭാഷണത്തിനിടയിൽ അവരിൽ ഒരാൾ വൈദികരെപ്പറ്റി ഓരോ വിമർശനങ്ങൾ പറയാൻ തുടങ്ങി. അപ്പോൾ ഹാ, എന്തിനാണ് ഇങ്ങനെയൊക്കെ പറയുന്നത്? വൈദികരെപ്പറ്റി ഇങ്ങനെയാണോ പറയേണ്ടത്? എന്നു ഞാൻ ചോദിച്ചതിന് ആ മാന്യൻ ഉടൻ നൽകിയ മറുപടി ഇതാണ്:

''എന്താണച്ചാ? ഞങ്ങളുടെ വൈദികരും ഞങ്ങളും തമ്മിൽ എന്താണു വ്യത്യാസം? അവർക്ക് പട്ടത്വമുണ്ട്. അതിനു അവർ സമർപ്പിക്കുന്ന ബലിയിൽ ഞങ്ങൾ സംബന്ധിക്കുകയും, അവർ നൽകുന്ന കൂദാശകൾ ഞങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്, അക്കാര്യം ഒഴിച്ചാൽ, അവരും ഞങ്ങളും തമ്മിൽ എന്താണു വ്യത്യാസം? അൽമായരായ ഞങ്ങളെപ്പോലെതന്നെ അവർക്കും ഭാര്യയും മക്കളും, വീടും കുടുംബവും, നിലങ്ങളും പുരയിടങ്ങളും, ചിട്ടിയും ബാങ്കും, തോട്ടവും കൃഷിയും, കേസുകളും ഏർപ്പാടുകളും എല്ലാമുണ്ട്. തന്നിമിത്തം പൊതുക്കാര്യങ്ങളൊ ഇടവക കാര്യങ്ങളൊ അന്വേഷിക്കാനും നടത്താനും അവർക്കു സമയവും സൗകര്യവും ഇല്ലെന്നു പറയാം. നിങ്ങളുടെ കാര്യമാകട്ടെ ഒന്നു വേറെതന്നെയാണ്. ചെറുപ്പത്തിൽതന്നെ വീടും നാടുംവിട്ട് എട്ടുപത്തു കൊല്ലത്തെ പ്രത്യേക വൈദികപഠനവും നടത്തി, ഗുരുപ്പട്ടം സ്വീകരിച്ച്, അവിവാഹിത ജീവിതം നയിച്ചുകൊണ്ട്, സ്വാർത്ഥം വെടിഞ്ഞ്, അ

www.malankaralibrary.com

ന്യരുടെ നന്മയ്ക്കായി സദാ യത്നിച്ചുകൊണ്ടിരിക്കുന്നവരാണ് കാതോലിക്കാ വൈദികരായ നിങ്ങൾ. അതിനാൽ, ഞാൻ പറഞ്ഞതൊന്നും നിങ്ങളെ സംബന്ധിക്കുന്നതായി കരുതേണ്ടതില്ല.

## 3. സ്വതന്ത്രമായ വേദപുസ്തക പാരായണം.

ഞങ്ങൾ 1922-ൽ, തുമ്പമൺ യാക്കോബായ പള്ളിക്കു സമീപം ഒരു വാടകവീട്ടിൽ താമസിച്ചിരുന്നു. ഒരിക്കൽ കുറെ പുത്തൻകൂറുകാരുമായി മതകാര്യങ്ങളെക്കുറിച്ചു ഞാൻ സംസാരിച്ചുകൊണ്ടിരിക്കയിൽ ചമ്പക്കുളം സ്വദേശിയായ ഒരു സാധു വള്ളക്കാരൻ അവിടെ വന്നു ഞങ്ങളുടെ സംഭാഷണം കേട്ടുകൊണ്ടു നിന്നു. അയാൾ ചമ്പക്കുളത്തുനിന്നും നെല്ലുകയററി കോന്നിയിൽ കൊണ്ടുപോയി വിററഴിച്ചു മടങ്ങിപ്പോകുംവഴി തുമ്പമൺഭാഗത്തു വന്നപ്പോൾ 'നിങ്ങളുടെ രണ്ടച്ചന്മാർ ഇവിടെ ഞങ്ങളുടെ പള്ളിക്കു സമീപം വന്നു താമസിക്കുന്നുണ്ട്' എന്നു അവിടെയുള്ള ചിലർ പറഞ്ഞതുകേട്ടു വള്ളം കടവിൽ ഇട്ടുകൊണ്ട് ഞങ്ങളെ സന്ദർശിക്കാൻ വന്നതാണ്. പുത്തൻകൂറുകാരും ഞാനുമായുള്ള സംഭാഷണം അവസാനിച്ചപ്പോൾ അവരിൽ ചിലർ ആ സാധു കത്തോലിക്കനോടു ഓരോന്നു ചോദിക്കാൻ തുടങ്ങി. അക്കൂട്ടത്തിൽ 'കാതോലിക്കരായ നിങ്ങൾക്കു വേദപുസ്തകം വായിക്കാൻ മുടക്കല്ലേയോ? വേദപുസ്തകം വായിക്കാത്ത നിങ്ങളെ ക്രിസ്ത്യാനികളായിട്ടു ഗണിക്കാവുന്നതാണോ?' എന്നു ചോദിക്കുകയുണ്ടായി. അതെല്ലാം മാനമായി കേട്ടശേഷം ആ സാധു മനുഷ്യൻ അവരോടു വളരെ ശാന്തമായി പറഞ്ഞ മറുപടി ഇതാണ്:

കത്തോലിക്കരായ ഞങ്ങൾക്കു വേദപുസ്തകം വായിക്കാൻ മുടക്കാണെന്നു നിങ്ങളോടു ആരാണു പറഞ്ഞതു്? ഞങ്ങൾക്കു അതു വായിക്കുന്നതിനു മുടക്കൊന്നുമില്ലെന്നു മാത്രമല്ല, അതു വായിക്കണമെന്നു ഞങ്ങളുടെ സഭ

www.malankaralibrary.com

നിഷ്കർഷിക്കുകയും, അങ്ങനെ ചെയ്യുന്നവർക്കു 'ബന്ധവിമോചനം' എന്നു പറയുന്ന ചില പ്രത്യേക വരങ്ങൾ കല്പിച്ചു നൽകിക്കൊണ്ടു വാസ്തവത്തിൽ ഏവരെയും പ്രോത്സാഹിപ്പിക്കുകകൂടെയുമാണു ചെയ്യുന്നത്. അതനുസരിച്ച്, പലരും സുറിയാനിയിലും, ലത്തീനിലും, ഇംഗ്ലീഷിലും, തമിഴിലുമുള്ള വേദപുസ്തകം വായിക്കുന്നുമുണ്ട്. മലയാളത്തിലാണെങ്കിൽ, നാലു സുവിശേഷങ്ങളും ശ്ലീഹന്മാരുടെ നടപടിക്രമങ്ങളും മാത്രമേ ഇപ്പോൾ ഞങ്ങൾക്കുള്ളു. മററു ഭാഗങ്ങളുടെ വിവർത്തനം നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. അതിനാൽ, വേദപുസ്തകം മുഴവൻ മലയാളത്തിൽ വായിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല.

ഇനി, വേദപുസ്തകം വായിക്കാൻ ഞങ്ങൾക്കു 'മുടക്ക്'' ഉണ്ടെന്നു നിങ്ങൾ പറയുന്നതിൽ സ്വല്പമായ ഒരു വാസ്തവം ഇല്ലാതില്ല. അതു എന്താണെന്നോ? നിങ്ങൾ വേദപുസ്തകം എന്നു പറഞ്ഞുകൊണ്ടു് നടക്കുന്നതും, നിങ്ങളുടെ സ്വന്തമല്ലാത്തതുമായ മലയാളത്തിലുള്ള ആ 'പ്രോട്ടസ്റ്റൻറു വേദപുസ്തകം' വായിക്കാൻ ഞങ്ങൾക്കു സഭയുടെ മുടക്കുണ്ടു്. അതിനു തക്ക കാരണവുമുണ്ടു്. ഭക്ഷണപദാർത്ഥങ്ങൾ എത്രതന്നെ വിശിഷ്ടവും രുചികരവുമായിരുന്നാലും അതിൽ വിഷം സ്വല്പമായിട്ടായിരുന്നാലും കലർന്നിട്ടുണ്ടെന്നു കണ്ടാൽ അതു നമ്മുടെ കുഞ്ഞുങ്ങൾക്കു നാം ഭക്ഷിക്കാൻ കൊടുക്കുമോ? ഒരിക്കലുമില്ല. ഞങ്ങളുടെ സഭയാണെങ്കിൽ സ്നേഹവത്സലയായ ഒരുത്തമമാതാവാണ്. അവൾക്കു 20 ശതാബ്ദക്കാലത്തെ പരിജ്ഞാനവുമുണ്ടു്. ആ നല്ല അമ്മ തൻെറ അരുമസന്താനങ്ങളായ ഞങ്ങളോടു പറയുന്നതു "എൻെറ പ്രിയ കുഞ്ഞുമക്കളേ, നിങ്ങൾ വേദപുസ്തകം ശ്രദ്ധിച്ചു വായിക്കുവിൻ. അതു ദൈവവചനമാണ്. അതു വളരെ നല്ലതുമാണ്. എന്നാൽ പ്രോട്ടസ്റ്റൻറു വേദപുസ്തകം നിങ്ങൾ ഒരിക്കലും വായിക്കരുതേ. ഇടയ്ക്കിടെ തെററുകൾ ഉള്ളതും, വിഷം കലർന്നതുമാണ് അതു്. അതിനാൽ, അതൊരിക്കലും വായിക്കരുതു്'' എന്നാണ്. ഇതിൽ സഭയെ സ്തുതിക്കുകയല്ലാതെ കുററം പറയാനുണ്ടോ? ഇങ്ങനെ ഒരേർപ്പാടു

www.malankaralibrary.com

നിങ്ങളുടെ സഭയിൽ ഇല്ലായ്കയാലോ, അല്ലെങ്കിൽ ഉണ്ടായിട്ടും അതിനെ അവഗണിക്കുകമൂലമോ നിങ്ങളുടെയാളുകൾ ഈ നിഷിദ്ധ പ്രോട്ടസ്റ്റൻറ് വേദപുസ്തകം സ്വതന്ത്രമായി വായിക്കുന്നതിനും അതിൻെറ ഫലമായി ഒട്ടു വളരെപ്പേർ മാതൃസഭ വിട്ടു പ്രോട്ടസ്റ്റൻറുകാരായിത്തീരുന്നതിനും ഇടയായിട്ടില്ലയോ എന്നു ഓർത്തുനോക്കുവിൻ.

ഇവിടെ ഒരു കാര്യം പറയാനുണ്ട്. അതു മറെറാന്നുമല്ല. ഇങ്ങനെ വേദപുസ്തകം വായിക്കാൻ സഭയുടെ ഉപദേശവും നിർദ്ദേശവും ഉണ്ടെങ്കിലും ഞങ്ങളുടെ ആളുകളിൽ മിക്കവരും വേദപുസ്തകം വായിക്കാറില്ല എന്നതാണ് അതു്. അതിനു കാരണവുമുണ്ട്. ഞങ്ങളിൽ ഒരു ഭാഗം അക്ഷരജ്ഞാനമില്ലാത്തവരാണ്. വായിക്കാൻ അറിയാവുന്നവരിൽതന്നെയും പലർക്കും ജോലിത്തിരക്കുകൾ മൂലം വേദപുസ്തക വായനയ്ക്കുവേണ്ട സമയവും സൗകര്യവും ഉണ്ടായെന്നു വരികയില്ല. എന്നിരുന്നാലും, വേദപുസ്തകത്തിലെ സത്തായിട്ടുള്ള കാര്യമെല്ലാം ഞങ്ങൾക്കെല്ലാവർക്കും അറിയാം എന്നാണ് പറയേണ്ടതു്. അതെങ്ങനെയാണെന്നു പറയാം.

എന്തിനാണു നാം വേദപുസ്തകം വായിക്കുന്നതു്? നിത്യരക്ഷ പ്രാപിക്കുന്നതിനു നാം അവശ്യം വിശ്വസിക്കേണ്ടതും പ്രവർത്തിക്കേണ്ടതും എന്തെല്ലാമെന്നു അതിൽനിന്നു ഗ്രഹിച്ചിട്ട് അതനുസരിച്ചു ജീവിക്കുന്നതിനുവേണ്ടിയല്ലയോ? കൊള്ളാം, നിങ്ങൾ വേദപുസ്തകം ധാരാളമായും വായിക്കുന്നവരാണല്ലോ. അതിൽനിന്നും ഇക്കാര്യം സംബന്ധിച്ചു എന്തെങ്കിലും ഖണ്ഡിതമായി പറയാൻ നിങ്ങൾക്കു സാധിക്കുമോ? സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ, ഞങ്ങൾക്കെല്ലാം അതു സാധിക്കും. എങ്ങനെയാണെന്നോ? ഞങ്ങളുടെ കൊച്ചുകുട്ടികൾ മുതൽ എല്ലാവരും വായിച്ചുപഠിച്ചു മനപ്പാഠമാക്കിയിരിക്കേണ്ട ഒരു ചെറിയ പുസ്തകമുണ്ട്. വേദപാഠപുസ്തകം എന്നാണ് അതിൻെറ പേർ. അതു ഞങ്ങളേവരും പഠിക്കും. ഈ പുസ്തകത്തിൽ പറയുന്നതു എന്താണ്? നിത്യരക്ഷ പ്രാപിക്കുന്നതിനു നാം വിശ്വസിക്കേണ്ടതും പ്ര

www.malankaralibrary.com

വർത്തിക്കേണ്ടതും എന്തെല്ലാമെന്ന അപ്രമാദസഭ വേദപുസ്തകത്തിൽനിന്നും സംഗ്രഹിച്ചെടുത്തു നൽകുന്ന ഒന്നാണതു്. അതിനാൽ, ആ ചെറുപുസ്തകം ഞങ്ങൾ പഠിക്കുന്നതോടെ വേദപുസ്തകം മുഴുവനും ഞങ്ങൾ 'അരച്ചു കുടിച്ചതുപോലെ' ആണെന്നു പറയാം.

ആ സാധു കത്തോലിക്കൻെറ ഈ വിശദീകരണം ശ്രവിച്ചതോടെ കേൾവിക്കാർ നിശ്ശബ്ദരായി. വലിയ പഠിപ്പോ വിജ്ഞാനമോ ഇല്ലാത്ത ഒരു വെറും സാധാരണക്കാരനായ അയാളുടെ വാദഗതികളെല്ലാം കേട്ടപ്പോൾ താഴെ ഉദ്ധരിക്കുന്ന നമ്മുടെ ദിവ്യരക്ഷകൻെറ തിരുവാക്യങ്ങളാണു് എൻെറ ഓർമ്മയിൽ വന്നതു്. "നാടുവാഴികളുടെയും രാജാക്കന്മാരുടെയും മുമ്പാകെ, അവരുടെയും പുറജാതികളുടെയും സാക്ഷ്യത്തിനായി ഞാൻനിമിത്തം നിങ്ങളെ അവർ കൊണ്ടുപോകും. അവർ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങനെ അഥവാ എന്തു പറയേണ്ടു എന്നു നിങ്ങൾ വിചാരപ്പെടേണ്ട. നിങ്ങൾ പറയേണ്ടതു ആ ക്ഷണത്തിൽ നിങ്ങൾക്കു നൽകപ്പെടും. എന്തെന്നാൽ, നിങ്ങളല്ലാ പറയുന്നതു് നിങ്ങളുടെ പിതാവിൻെറ ആത്മാവു് നിങ്ങൾ മുഖേന പറയുന്നു"

(വി. മത്തായി x. 18–20).

## 4. എല്ലാററിനും വേദപുസ്തകം സാക്ഷിയല്ല.

പുത്തൻകൂററു തെക്കുംഭാഗ (ക്നാനായ) ക്കാരുടെയിടയിൽ മിഷൻ ജോലിക്കായി ഞങ്ങളോടൊപ്പം പുറപ്പെട്ടിരുന്ന ഒരു വന്ദ്യ ദേഹമാണു് കൈപ്പുഴ തറയിൽ ബ. യാക്കോബച്ചൻ. 1923–ൽ ചെങ്ങന്നൂർ കല്ലിശ്ശേരിൽ താമസിച്ചിരുന്ന അദ്ദേഹത്തെ ഒന്നു സന്ദർശിക്കാനായി തുമ്പമണ്ണിൽനിന്നും ഒരു ദിവസം ഞാനവിടെ ചെന്നിരുന്നു. അന്നു റാന്നിക്കാരൻ ഒരു യാക്കോബായ ഉപദേശിയും അവിടെ ഉണ്ടായിരുന്നു. അയാൾ പല കാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ എന്നോടു ഇങ്ങനെ ചോദിക്കുകയുണ്ടായി:

www.malankaralibrary.com

ഉപദേശി— മിശിഹാതമ്പുരാൻെറ പന്ത്രണ്ടു ശ്ലീഹന്മാരിൽ പ്രമുഖനായ പത്രോസ് എന്ന പാറമേലാണു മിശിഹാ തമ്പുരാൻ തൻെറ സഭ സ്ഥാപിച്ചതെന്നും, അതിനാൽ, പത്രോസിൻെറ സിംഹാസനത്തോടു യോജിച്ചിരിക്കുന്നവർ മാത്രമാണു സത്യ ക്രിസ്ത്യാനികൾ എന്നും ആണല്ലൊ നമ്മൾ ഇരുകൂട്ടരും പഠിപ്പിക്കുന്നതു്. എന്നാൽ ക്രിസ്തുവിൻെറ അനുയായികളെ ക്രിസ്ത്യാനികൾ എന്നു നാമകരണം ചെയ്തതും, പത്രോസ് തൻെറ സിംഹാസനം സ്ഥാപിച്ചതും അന്ത്യോഖ്യായിൽ ആണെന്നു വേദപുസ്തകം തെളിവായി സാക്ഷിക്കുന്നുണ്ടു്. പത്രോസ് റോമായിൽ സിംഹാസനം സ്ഥാപിച്ചു എന്നു നിങ്ങൾ പറയുന്നുണ്ടെങ്കിലും അതിനു വേദപുസ്തകത്തിൽ തെളിവൊന്നുമില്ലല്ലൊ. ആ സ്ഥിതിക്കു് വി. പത്രോസിൻെറ അന്ത്യോക്യാ സിംഹാസനത്തോടു യോജിച്ചു നിൽക്കുന്ന ഞങ്ങൾക്കു എന്താണു പിശകുള്ളതു്?

ഞാൻ—പത്രോസ് ആദ്യമായി അന്ത്യോക്യായിൽ സിംഹാസനം സ്ഥാപിച്ചു് അവിടെ കുറേക്കൊല്ലം ഭരണവും നടത്തിയശേഷം അവിടെ വേറൊരാളെ മെത്രാനായി നിയമിച്ചിട്ടു് അന്നത്തെ റോമൻ സാമ്രാജ്യത്തിൻെറ തലസ്ഥാനമായിരുന്ന റോമായിലേക്കു പോയി അവിടെ സഭയുടെ പൊതുനായകൻ എന്ന നിലയിൽ തൻെറ സിംഹാസനം സ്ഥാപിച്ചു ദീർഘകാലം ഭരിക്കുകയും, ഒടുവിൽ അവിടെവച്ചു രക്തസാക്ഷിയായി മരണം പ്രാപിക്കുകയും ചെയ്തു എന്നാണ് സഭാപിതാക്കന്മാർ പ്രസ്താവിക്കുന്നതു്. ഇതുകൊണ്ടു തന്നെയാണ് റോമാ മെത്രാൻ സഭയുടെ സാർവത്രികാധിപസ്ഥാനം ആദ്യകാലം മുതൽ എന്നും അവകാശപ്പെടുന്നതും, അന്ത്യോക്യായാവട്ടെ സാമന്ത പ്രദേശങ്ങളുടെ മേലുള്ള ആധിപത്യമല്ലാതെ സാർവത്രികസഭയുടെ അധിപസ്ഥാനം ഒരു കാലത്തും അവകാശപ്പെടാത്തതും.

ഉപദേശി—ഇങ്ങനെയെല്ലാം പറയുന്നുണ്ടെങ്കിലും വേദപുസ്തകത്തിൽ റോമ്മായിൽ സിംഹാസനം സ്ഥാപി

www.malankaralibrary.com

ച്ചതിന്റെ തെളിവൊന്നുമില്ലല്ലൊ. അന്ത്യോക്യായെ സംബന്ധിച്ചാണെങ്കിൽ തക്ക തെളിവുണ്ടല്ലൊ താനും.

ഞാൻ—വേദപുസ്തകത്തിലും അതിന്റെ തെളിവില്ലെന്നില്ല. വി. പത്രോസിന്റെ ലേഖനത്തിൽ ബാബിലോണിലെ ക്രിസ്ത്യാനികൾ നിങ്ങൾക്കുമംഗളം പറയുന്നു എന്നുണ്ടല്ലോ. എന്നാൽ അന്നത്തെ ബാബിലോണിൽ അന്നു ക്രിസ്ത്യാനികളേ ഇല്ലായിരുന്നു എന്നാണ് ചരിത്രം സാക്ഷിക്കുന്നത്. അതിനാൽ, പഴയകാലത്തെ ബാബിലോൺ മഹാനഗരത്തിന് സദൃശമായിരുന്ന റോമ്മായെ ഉദ്ദേശിച്ചാണ്, രൂപകാത്ഥത്തിൽ, ബാബിലോണിലെ ക്രിസ്ത്യാനികൾ എന്നിവിടെ ശ്ലീഹാ പറഞ്ഞിരിക്കുന്നതു എന്നത്രെ ശാസ്ത്രികളുടെ അഭിപ്രായം.

ഉപദേശി—അച്ചാ, ഇതൊക്കെ വളച്ചുകെട്ടി പറയുന്നതല്ലേ? അന്ത്യോക്യായുടെ കാര്യത്തിൽ വേദപുസ്തകത്തിലെ തെളിവു എത്ര സ്പഷ്ടമാണ്?

അയാൾ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ ഇതെല്ലാം ശ്രദ്ധിച്ചു കേട്ടുകൊണ്ടു അകത്തെ മുറിയിൽ ഇരുന്നിരുന്ന പരേതനായ പുലയങ്കാട്ടിൽ ബ. ജോണച്ചൻ രംഗത്തേക്കു ഇറങ്ങിവന്നു. ഈ ആധുനികകാലത്തു് 1942—ൽ യാക്കോബായ സഭയിൽനിന്നും കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ട ആദ്യത്തെ ഒരു പ്രമുഖ വൈദികനും, പണ്ഡിതനും, രാമമംഗലം സ്വദേശിയുമായിരുന്നു ഈ വന്ദ്യദേഹം.

അദ്ദേഹം പറയുന്നു—അച്ചാ, ഈ ഉപദേശിയോടു ഞാൻ മറുപടി പറയാം. അവിടുന്നു അനുവദിച്ചാലും. അപ്പോൾ, വി. പത്രോസ് റോമ്മായിൽ പോയതും, അവിടെ സിംഹാസനം സ്ഥാപിച്ചതുമായ വിവരങ്ങൾ ഉപദേശി വേദപുസ്തകത്തിൽ വായിച്ചിട്ടില്ലെന്നോ?

ഉപദേശി—എന്റെ അച്ചാ, ഞാൻ വായിച്ചിട്ടില്ല. അതു വേദപുസ്തകത്തിൽ ഏതു ഭാഗത്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

www.malankaralibrary.com

അച്ചൻ—ഹാ! വേദപുസ്തകം സൂക്ഷിച്ചു വായിക്കണ്ടേ? യേശുമിശിഹായുടെ പന്ത്രണ്ടു ശിഷ്യരിൽ ഒരുവനും, നമ്മുടെ പിതാവുമായ മാർത്തോമ്മാ ശ്ലീഹാ നമ്മുടെ ഈ കേരളത്തിൽ വന്നെന്നും, ഇവിടെ നമ്മുടെ പൂർവ്വന്മാരെ മാനസാന്തരപ്പെടുത്തിയെന്നും, അവക്കായി ഈ കേരളത്തിൽ ഏഴു പള്ളികരം സ്ഥാപിച്ചെന്നും ഉപദേശി വിശ്വസിക്കുന്നുവോ?

ഉപദേശി—എന്തു്? ഒരു മാർത്തോമ്മാ നസ്രാണിയായ ഞാൻ അതു വിശ്വസിക്കുന്നുണ്ടോ എന്നോ? തീർച്ചയായും ഞാൻ വിശ്വസിക്കുന്നു.

അച്ചൻ—കൊള്ളാം, നല്ലതു്. വേദപുസ്തകത്തിൽ തക്ക തെളിവില്ലാത്തതൊന്നും വിശ്വസിക്കാത്ത ഉപദേശി അക്കാര്യം വിശ്വസിക്കുന്ന സ്ഥിതിക്കു് അതിനുള്ള തെളിവു തീർച്ചയായും വേദപുസ്തകത്തിൽ കണ്ടിരിക്കുമല്ലോ. അതു സംബന്ധിച്ചുള്ള ആ വേദവാക്യത്തിന്റെ അടുത്ത വാക്യത്തിൽ കാണാം, വി. പത്രോസിന്റെ റോമ്മാ സിംഹാസന സ്ഥാപനക്കാര്യം. വേദപുസ്തകമെടുത്തു വായിച്ചുനോക്കുക.

ഇത്രയും സരസമായി പറഞ്ഞ ശേഷം അദ്ദേഹം പറയുകയാണു്, "അച്ചാ, ഇവക്കൊക്കെ ശാസ്ത്രീയവാദങ്ങരം കൊണ്ടു ഒരു പ്രയോജനവുമില്ല. അവർ അതു ശരിക്കു ഗ്രഹിക്കുകയുമില്ല. ഇത്തരമൊക്കെയാണു് ഇവക്കു വേണ്ടതു്. തൊട്ടതിനെല്ലാം വേദപുസ്തകസാക്ഷ്യം സാദ്ധ്യമാണോ? താദൃശ സാക്ഷ്യം കൂടാതെ ഞായറാഴ്ചാചരണം, ശിശുസ്നാനം എന്നിതുപോലെയുള്ള എത്രയെത്ര കാര്യങ്ങരം വേദപുസ്തകം മാത്രം വിശ്വാസത്തിന്റെ അളവുകോലായി സ്വീകരിച്ചുപോരുന്ന പ്രോട്ടസ്റ്റന്റുകാർപോലും സംശയരഹിതമായി ഇന്നും വിശ്വസിച്ചുപോരുന്നു?''

www.malankaralibrary.com

## 5. മദമല്ല, മതമാണ് ആവശ്യം.

ഞങ്ങഠം പന്തളം മിഷനിൽ ചെന്നിട്ട് നാലഞ്ചു മാസങ്ങഠം കഴിഞ്ഞപ്പോഠം പ്രമുഖനായ ഒരു യാക്കോബായ വൈദികനോടു ഞാൻ പറഞ്ഞു. ''ഈ പ്രദേശങ്ങളിലുള്ള ഞങ്ങളുടെ ചുരുങ്ങിയ കാലത്തെ അനുഭവത്തിൽനിന്നും മനസ്സിലാകുന്ന ഒരു കാര്യം നിങ്ങളുടെയാളുകളെ കത്തോലിക്കരാക്കിത്തീർക്കണമെങ്കിൽ ആദ്യംതന്നെഅവരെ യാക്കോബായക്കാരാക്കിത്തീർക്കേണ്ടതായിട്ടാണിരിക്കുന്നതു്. എന്തെന്നാൽ, യാക്കോബായ വിശ്വാസം എന്തിൽ അടങ്ങിയിരിക്കുന്നു എന്നു അവർക്കു് ഒരു പിടിയും ഇല്ലാത്തതായിട്ടാണു് കാണുന്നതു്. വാസ്തവത്തിൽ, വേദപുസ്തകത്തെയപേക്ഷിച്ച് സഭയ്ക്കുള്ള പ്രാധാന്യം, വി. പത്രോസിനു സഭയിലുള്ള പ്രാമുഖ്യം, കൃപാമാർഗ്ഗങ്ങളായ ഏഴു കൂദാശകളുടെ ആവശ്യകത എന്നിവ സംബന്ധിച്ചുള്ള പ്രബോധനങ്ങളിൽ നമ്മുടെ ഇരു സഭകളും തമ്മിൽ ഒരു വ്യത്യാസവുമില്ലല്ലോ. എന്നാൽ ഇക്കാര്യങ്ങളെപ്പററി, സ്വന്ത മുഖത്തു കരിതേയ്ക്കുന്നവിധത്തിലുള്ള നിങ്ങളുടെ ചില ആളുകളുടെ ചോദ്യങ്ങളും വാദങ്ങളും കേട്ടാൽ ഇവർ പ്രോട്ടസ്റ്റൻറുകാരാണോ എന്നു തോന്നിപ്പോകും.''

ഇതിനു സരസനായ ആ വന്ദ്യ വൈദികൻ എനിക്കു നൽകിയ മറുപടിയല്ലേ കേഠംക്കേണ്ടതു്. ''അച്ചാ നിങ്ങഠം ഒരു കാര്യം അറിഞ്ഞിരിക്കേണ്ടതുണ്ടു്. അതു മററൊന്നുമല്ല. ഈ പ്രദേശങ്ങളിലെ ഞങ്ങളുടെ ജനങ്ങഠംക്കുള്ളതു് മതമല്ല, പിന്നെയോ മദമാണു്.'' അതായതു് ഇവിടെയുള്ളവർ മതത്തെയും മതകാര്യങ്ങളെയും അവഗണിച്ചിട്ടു് വഴക്കിലും ശണ്ഠയിലും സ്പർദ്ധയിലും പിണക്കത്തിലുമൊക്കെയാണു് ശ്രദ്ധ പതിച്ചിരിക്കുന്നതെന്നു സാരം.

www.malankaralibrary.com

## 6. പാഷണ്ഡികളിൽ നിന്നല്ല മതബോധനം സ്വീകരിക്കേണ്ടതു്.

### "നരകത്തിൽനിന്നും വന്ന മാലാഖ"

പന്തളം മിഷൻെറ കാലത്തോടു സമീപിച്ചും, 1930 ലെ പുനരൈക്യപ്രസ്ഥാനത്തിനു കുറെ കൊല്ലങ്ങൾക്കു മുമ്പായും, ഓമല്ലൂർ പുത്തമ്പീടികയിൽ കുറെ വീട്ടുകാർ 1960-ൽ ദിവംഗതനായ പീടികയിൽ ബ. ഗീവർഗീസച്ചൻെറ നേതൃത്വത്തിൽ യാക്കോബായ സഭവിട്ടു കത്തോലിക്ക സഭയിൽ ചേരുകയുണ്ടായി. ഇതിൽ ക്ഷുഭിതരായിത്തീർന്ന അവിടത്തെ പുത്തൻകൂറുകാർ ഓമല്ലൂരിൽ ഒരു പ്രതിഷേധമഹായോഗം വിളിച്ചുകൂട്ടി. യോഗത്തിൽ പ്രസംഗിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിരുന്നവരിൽ ഒരാൾ കൈനകരി കളിപ്പുറമ്പിൽ കുഞ്ചെറിച്ചൻ ആയിരുന്നു. ഇയാൾ കത്തോലിക്ക സഭയെ ദൂഷിച്ചു യോഗത്തിൽ പലതും പറഞ്ഞു. അതിനിടയിൽ, ആ യോഗത്തിൽ സംബന്ധിച്ചിരുന്ന കെങ്കിരേത്തു കൊച്ചുകുഞ്ഞു് എന്നൊരു മാന്യനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ആരോ ഒരാൾ പ്രാസംഗികനോടു ഇങ്ങനെ മന്ത്രിച്ചു; "ആ ഇരിക്കുന്നയാൾ ഒരു യാക്കോബായക്കാരനാണെങ്കിലും ഇത്രയധികം പേർ ഇവിടെ കാതോലിക്കരായിത്തീരാനുള്ള ഒരു പ്രധാന പ്രേരകൻ അയാളാണു്. അയാൾ ഇനിയും കാതോലിക്കാ സഭയിൽ ചേരാതെ ഇങ്ങനെ പുറത്തു നില്ക്കുന്നതു് ഈവിധമുള്ള നമ്മുടെ യോഗങ്ങളിൽ സ്വാതന്ത്ര്യമായി വന്നു സംബന്ധിക്കുന്നതിനും കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടിയാണു്. അതിനാൽ, ആ യോഗം കലക്കി പിന്തിരിപ്പനു രണ്ടു വാക്കു വെച്ചുകൊടുത്താൽ കൊള്ളാം."

ഇതു ശ്രവിച്ച മാത്രയിൽ കുഞ്ചെറിച്ചൻ അയാളുടെ നേരെ തിരിഞ്ഞു പറഞ്ഞു; "ഹാ! എൻെറ സോദരാ, കാതോലിക്കാ സഭയുടെ ബാഹ്യാഡംബരങ്ങൾ കണ്ടു മയങ്ങിപ്പോവുകയോ, വേണ്ടവിധം ആലോചിക്കാതെ പെ

www.malankaralibrary.com

ട്ടെന്നു അതിലേക്കു എടുത്തുചാടുകയോ ചെയ്യരുതേ. ആ സഭയിൽ ജനിച്ചുവളർന്നു് ദീർഘകാലം ജീവിച്ചിട്ടുള്ള ഒരാളാണു് ഞാൻ. എന്നെ നിങ്ങൾ വിശ്വസിച്ചാലും. സ്വാനുഭവത്തിൽ നിന്നും ആ സഭയുടെ വഷളത്വങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടു് അതിനെ പരിത്യജിച്ചു് ഇന്നു മാർത്തോമ്മാ സഭയിൽ ചേർന്നു ജീവിക്കുന്ന ഒരാളാണു് ഞാൻ. അതുകൊണ്ടു അനുഭവസ്ഥനായ എന്നെ നിങ്ങൾ വിശ്വസിച്ചാലും. അബദ്ധത്തിൽ ചെന്നു ചാടരുതേ.''

ഇതു കേട്ടപ്പോൾ അതിസരസനായ കൊച്ചുകുഞ്ഞു ശാന്തമായി പറയുകയാണു്. 'എന്റെ പ്രിയ സഹോദരാ, നിങ്ങളുടെ ഉപദേശത്തിനു നന്ദി. ഇന്നു ഈ സദസ്സിൽ ഒരു പിശാചു വന്നു പ്രസംഗിക്കുന്നതായാൽ അവൻ എന്തായിരിക്കും പറയുക? സഹോദരന്മാരേ, നിങ്ങളാരും, വല്ലവരും വല്ലതും പറയുന്നതു കേട്ടു്, സ്വർഗ്ഗത്തിൽ പോകാനായിശ്രമിച്ചേക്കരുതേ. അവിടെ ദീർഘകാലം വസിച്ചിട്ടുള്ളവരും, അവിടുത്തെ വഷളത്വങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടു അവിടംവിട്ടുപോന്നിട്ടുള്ളവരുമാണു് ഞങ്ങൾ. അതിനാൽ, അനുഭവസ്ഥരായ ഞങ്ങളെ നിങ്ങൾ വിശ്വസിപ്പിൻ എന്നല്ലാതെ പറയുമോ? അതുകൊണ്ടു് അങ്ങിധം 'നരകത്തിൽനിന്നും വന്ന ഒരു മാലാഖാ' ആയിട്ടേ നിങ്ങളെ ഞങ്ങൾ കരുതുന്നുള്ളു.''

അവിചാരിതമായ ഈ ചുട്ടമറുപടി കിട്ടിയ മാത്രയിൽ ആ അനുഭവസാക്ഷി സ്ഥലം വിട്ടെന്നു പറയണ്ടല്ലോ.

---

www.malankaralibrary.com

# അദ്ധ്യായം 2

## അന്ത്യോക്യൻ റീത്തിനുവേണ്ടി, 1924 - ൽ ശ്ലൈഹിക സന്ദർശകനായി ഇൻഡ്യയിലേക്കു വന്നിരുന്ന ലപ്പീസ്യേ തിരുമേനിക്കു ഞങ്ങൾ സമർപ്പിച്ച അപേക്ഷ.

To

His Excellency,

The Most Rev. A. H. M. Lepicier, O. S. M.,

Visitor Apostolic to India,

Bishop's House, Olikara, Quilon.

വിഷയം.- യാക്കോബായക്കാരുടെ ഇടയിലെ മിഷൻ പ്രവർത്തനം.

അഭിവന്ദ്യ പിതാവേ,

ഈ കൊല്ലംരൂപതയിൽ ഇത്തരത്തിലുള്ള ഏക പ്രസ്ഥാനമായ ഞങ്ങളുടെ ഈ മിഷനെപ്പററി അറിയുന്നതു അവിടുത്തേക്കു് സന്തോഷകരമായിരിക്കും എന്നുള്ള പൂർണ്ണ പ്രതീക്ഷയോടെ കീഴെ പറയുന്ന കാര്യങ്ങളിലേക്കു അങ്ങയുടെ ദയാദൃഷ്ടി പതിക്കണമെന്നു സവിനയം അപേക്ഷിക്കുന്നു.

ഒരു സുറിയാനി കർമ്മലീത്താ വൈദികനായ എന്നെ കൊട്ടാരക്കരവെച്ചും കൊല്ലത്തുവെച്ചും അവിടുന്നു കണ്ടതാണു്. നമ്മുടെ ഭിന്ന സഹോദരങ്ങളായ യാക്കോബാക്ക

www.malankaralibrary.com

യക്കാരുടെ പുനരൈക്യാത്ഥം പ്രയത്നിക്കുന്നതിനുവേണ്ടി അഭിവന്ദ്യ ബൻസിഗർ മെത്രാനച്ചൻ ആവശ്യപ്പെട്ട പ്രകാരം എന്റെ മേലധികാരികൾ എന്നെ ഈ കൊല്ലം രൂപതയിലേക്കു അയച്ചിരിക്കുകയാണു്. ഒരു സഹസന്യാസ വൈദികനുമൊന്നിച്ചു ഞാനിവിടെ ജോലിചെയ്യാൻ തുടങ്ങിയിട്ടു മൂന്നു കൊല്ലമായി. രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശമനുസരിച്ചു് ദിനന്തോറും നാനാസ്ഥലങ്ങളിൽ ചുററിസ്സഞ്ചരിച്ചു് ജനങ്ങളും സ്ഥലങ്ങളുമായി പരിചയപ്പെടുകയും, യാത്രാവേളയിൽ കണ്ടുമുട്ടുന്നവരോടും, ഇടയ്ക്കൊക്കെ ഞങ്ങളുടെ വസതിയിൽ വരുന്നവരോടും നമ്മുടെ വിശുദ്ധ മതത്തെപ്പററി സംസാരിക്കുകയും ചെയ്യുക എന്നിതാണു് ഞങ്ങളുടെ പ്രവത്തന പരിപാടി. ഇതത്ര ഫലപ്രദമായ ഒരു മാർഗ്ഗമാണെന്നു് തോന്നുന്നില്ല. ഈ മുറയനുസരിച്ചു പ്രവത്തിച്ചതിന്റെ ഫലമായി ഈ മൂന്നുകൊല്ലത്തിനകം ചുരുക്കം ചിലരെ, കഷ്ടിച്ചു് അരഡസൻ പേരെ മാത്രമേ, പുനരൈക്യപ്പെടുത്താൻ ഞങ്ങൾക്കു സാധിച്ചിട്ടുള്ളു.

ഞങ്ങളുമായി കണ്ടുമുട്ടുന്ന യാക്കോബായക്കാരോടു നമ്മുടെ മതത്തെപ്പററി ഞങ്ങൾ പറയുന്നവയെല്ലാം ശരിയെന്നു അവർ മിക്കവരും സമ്മതിക്കുമെങ്കിലും, അവർ ആത്മാത്ഥതയില്ലാതെ അവരുടെ പഴയ വഴിയേതന്നെ പോകുന്നതായിട്ടാണു് കാണുന്നതു്. അവരുടെയിടയിൽ മതത്തെപ്പററി ഗൌരവമായി ചിന്തിക്കുന്നവർ ചുരുക്കമത്രെ. മതം ഏതായാലും അതൊരു ക്രിസ്തുമതം ആയിരിക്കുന്ന പക്ഷം നിത്യരക്ഷാപ്രാപ്തിക്കു അതു മതി എന്നൊരു ധാരണയാണു് അവരിൽ മിക്കവക്കും ഉള്ളതു്. ഒരു നൂറിൽപരം കൊല്ലത്തെ പ്രോട്ടസ്റ്റൻറുകാരുമായുള്ള അവരുടെ സംസർഗ്ഗത്തിന്റെ ഫലമാണിതു്. അതിനാൽ, ഞങ്ങളുടെ ഇപ്പോഴത്തെ പദ്ധതിയനുസരിച്ചുതന്നെ ജോലി തുടരുന്ന പക്ഷം അടുത്ത ഭാവിയിലെങ്ങും അവരുടെ പുനരൈക്യകാര്യത്തിൽ വലിയ പ്രതീക്ഷയ്ക്കൊന്നും വഴി കാണുന്നില്ല. ഇതുവരെയുള്ള ഞങ്ങളുടെ മിഷൻ പ്രവത്തനം ഒരു പരാജയമാണെന്നത്രെ തോന്നിപ്പോകുന്നതു്.

www.malankaralibrary.com

ഈ സാഹചര്യത്തിൽ, കീഴെ പറയുന്ന പദ്ധതി കൂടുതൽ ഫലദായകമായിരിക്കുമെന്നു തോന്നുന്നു. സിറിയായിൽ ശുദ്ധസുറിയാനി (Pure Syrian) കത്തോലിക്കർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെയും സ്വന്തമായ അന്ത്യോക്യൻ റീത്തു അനുവദിച്ചു കിട്ടുന്നപക്ഷം തങ്ങളുടെ സ്വാധീനത്തിലുള്ള കുറെ കുടുംബങ്ങളോടുകൂടെ ഉടൻതന്നെ കത്തോലിക്കാ സഭയിൽ ചേരുന്നതിന് തയ്യാറാണെന്നു ആത്മാർത്ഥമായി പറയുകയും പുനരൈക്യത്തിനു വേണ്ടി ശ്രമിക്കുകയും ചെയ്യുന്ന ചില യാക്കോബായ വൈദികർ ഇവിടങ്ങളിൽ ഉള്ളതായി എനിക്കറിയാം. സ്വന്തറീത്തും ക്രമങ്ങളും ഉടനടി മാററി സീറോ മലബാർ റീത്തു സ്വീകരിക്കുന്ന കാര്യം പ്രയാസമാണന്നത്രെ അവർ പറയുന്നതു്. ഇക്കാര്യം സംബന്ധിച്ചു് സമുദായ പ്രമുഖനായ ഒരു യാക്കോബായ വൈദികൻ എറണാകുളത്തു വെച്ചു് അങ്ങയെക്കണ്ടു സംസാരിച്ചതായും അറിയുന്നു. ചില പൌരസ്ത്യറീത്തുകാർ അല്പമാത്രമായ അവരുടെ വിശ്വാസത്തെക്കാൾ സ്വന്ത റീത്തിനെ കൂടുതൽ കാര്യമായി ഗണിക്കുന്നവരാണെന്നു് അവിടത്തേയ്ക്കും അറിയാമല്ലൊ.

ഇവരുടെ മദ്ധ്യേ വസിച്ചുകൊണ്ടുള്ള എൻെറ അനുഭവത്തിൽനിന്നും ഇവരുടെ പുനരൈക്യത്തിനുള്ള ഒരു മാർഗ്ഗം — എന്നുവേണ്ടാ ഇവരുടെ കൂട്ടമായുള്ള സഭാ പ്രവേശനത്തിനുള്ള ഏകമാർഗ്ഗം — ഇതായിരിക്കുമെന്നാണു്; എനിക്കു തോന്നുന്നതു്. കേരളത്തിൻെറ ഇതരഭാഗങ്ങളിൽ പുനരൈക്യത്തിനായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന രണ്ടു മൂന്നു വൈദികരുടെ അഭിപ്രായവും ഇതുതന്നെയാണെന്നറിയാം. ഇക്കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കിടയിൽ എഴുപതെമ്പതു കുടുംബക്കാരോടുകൂടെ മൂന്നു നാലു വൈദികരെ യാക്കോബായ സഭയിൽനിന്നും കത്തോലിക്കാ സഭയിൽ ചേർക്കുന്നതിനു കോട്ടയം മെത്രാനച്ചനു സാധിച്ചിട്ടുണ്ടു്. അദ്ദേഹത്തിനു സിദ്ധിച്ച ഈ വലിയ നേട്ടത്തിനുണ്ടായ കാരണം, അദ്ദേഹത്തിൻെറ അധികാര സീമയിൽ ഉൾപ്പെട്ടിരുന്നവർക്കു് അവരുടെ റീത്തു അനുവദിച്ചുകൊടുത്തതാണു്. എന്നാൽ, യാക്കോബ്യരിൽ ഒരു പ്ര

www.malankaralibrary.com

ധാനഭാഗം ഞങ്ങൾ ജോലി ചെയ്യുന്ന കൊല്ലം രൂപതാതൃത്തിയിലാണു് വസിക്കുന്നതു്. കൊല്ലം മെത്രാനായ ബെൻസിഗർ തിരുമേനിയാകട്ടെ, ഏതോ കാരണങ്ങളാൽ, തന്റെ രൂപതയിൽ ഇങ്ങനെ ഒരു റീത്തിനു പ്രവേശനം നൽകുന്ന കാര്യത്തിൽ തീർത്തും എതിരാണു്. തന്നിമിത്തം, ചില യാക്കോബായ വൈദികർ ഇവിടെ വിസ്മയപൂർവ്വം എന്നോടു ചോദിക്കുന്നു: ''ഇതെന്തു്? നിങ്ങളുടെ ഒരു മെത്രാൻ — കോട്ടയം മെത്രാൻ — തന്റെ അധികാരസീമയ്ക്കുള്ളിലുള്ള ഏതൊരു യാക്കോബായ വൈദികനും കാതോലിക്കാ സഭയിൽ ചേരുമ്പോൾ ഉദാരമായി റീത്തനുവദിച്ചു കൊടുക്കുന്നു. അതേ സമയം നിങ്ങളുടെ മറെറാരു മെത്രാൻ — കൊല്ലം മെത്രാൻ — അതിനു കടകവിരുദ്ധമായും നില്ക്കുന്നു. ഇതു എന്തുകൊണ്ടു്?''

യാക്കോബായ സഭയിൽനിന്നും പൂർണ്ണ ബോദ്ധ്യത്തോടെ അങ്ങുമിങ്ങും ഒന്നും ഒററയുമായി കത്തോലിക്കാ സഭയിൽ ചേരുന്നവർ അനുഭവിക്കുന്ന സാമൂഹ്യ വിഷമതകൾതന്നെ അവർണ്ണനീയങ്ങളാണു്. ഒരു ഉദാഹരണം പറയാം. നവമായി സഭയിൽ ചേർന്നിട്ടുള്ള ചില യുവതീ യുവാക്കന്മാർ വിവാഹപ്രായം കഴിഞ്ഞെങ്കിലും അവിവാഹിതരായി കഴിയുന്നതായി എനിക്കറിയാം. തക്കതായൊരു സഹചാരിയെ കിട്ടാനുള്ള പ്രയാസമാണു് ഇതിനു കാരണം. വിദ്വേഷം മൂലം യാക്കോബായക്കാർ അതിനു വഴിപ്പെടുകയില്ല. ലത്തീൻ കത്തോലിക്കരെ അധ:കൃതരായി അവർ പരിഗണിക്കുന്നതിനാൽ അവരുമായുള്ള ബന്ധുതകൾ സാമാന്യമായി അവർ ആവശ്യപ്പെടുകയില്ല. ഇനി, പഴയ സുറിയാനി കത്തോലിക്കരാണെങ്കിൽ, മിക്കവാറും വിദൂരത്തിലും യാക്കോബായക്കാരുടെ മദ്ധ്യത്തിലും വസിക്കുന്ന പുതുകത്തോലിക്കരായ ഇവർക്കു് തങ്ങളുടെ പെൺകുട്ടികളെ വിവാഹത്തിനു നൽകുന്നതിൽ സാമാന്യമായി വിമുഖരുമാണു്.

ഇതും ഇതിനു സമാനമായ ഇതര വൈഷമ്യങ്ങളും നീങ്ങിക്കിട്ടണമെങ്കിൽ പുനരൈക്യപ്പെടുന്നവരുടെ സംഖ്യ വർദ്ധിച്ചേ മതിയാവൂ. അതിനാകട്ടെ തല്ക്കാല

www.malankaralibrary.com

ത്തെങ്കിലും അവരുടെ റീത്തു അനുവദിച്ചുകൊടുക്കുന്ന താണു് ഏകമാർഗ്ഗമായി എനിക്കു തോന്നുന്നതു്. വിശിഷ്യാ, ഇപ്പോൾ റീത്താവശ്യപ്പെട്ടുകൊണ്ടിരിക്കുന്നവരെപ്പോലുള്ളവരിൽ നിന്നും ജനസ്വാധീനമുള്ള ചില യാക്കോബായ വൈദികർ സഭാപ്രവേശന ശേഷം ഞങ്ങളോടു സഹകരിച്ചുകൊണ്ടു് സ്വജനങ്ങളുടെ പുനരൈക്യത്തിനു വേണ്ടി യത്നിക്കാത്ത പക്ഷം ഞങ്ങളുടെ പരിശ്രമങ്ങൾ കൊണ്ടു് വലിയ ഫലമൊന്നുമുണ്ടാകയില്ലെന്നാണു സ്വാനുഭവത്തിൽനിന്നും തോന്നുന്നതു്. മാത്രമല്ല, താദൃശമായ ഒരു സഹകരണം കൂടാതെ ഞങ്ങൾക്കു അപരിചിതമായ ഈ പ്രദേശങ്ങളിൽ ഞങ്ങൾ കൂടുതൽ ക്ലേശങ്ങൾ, അതും വലിയ ഫലമൊന്നുമില്ലാതെ, സഹിക്കേണ്ടതായും വരും. ഈ കാരണങ്ങളാൽ, അവൎക്കു റീത്തു് അനുവദിച്ചുകൊടുക്കേണ്ടതാണു്.

അതുകൊണ്ടു്, എവിടെയെങ്കിലും നമ്മുടെ സഭയിൽ ചേരുന്ന ഏതൊരു യാക്കോബായ വൈദികനും, അവർ ഉപയോഗിച്ചുവരുന്ന റീത്തുതന്നെ, അതിൽ എന്തെങ്കിലും വിശ്വാസവിരുദ്ധത ഉണ്ടെങ്കിൽ അതു തിരുത്തിയ ശേഷം, ഉപയോഗിക്കുന്നതിനു അനുവദിക്കുകയോ, അതിനുള്ള അനുവാദം അവിടുന്നു വാങ്ങിച്ചുകൊടുക്കുകയോ ചെയ്യണമെന്നു വിനയപൂൎവ്വം അപേക്ഷിക്കുന്നു. അവ്വിധമുള്ള ഒന്നു സിറിയായിലെ കത്തോലിക്കാ അന്ത്യോക്യൻ റീത്തുപോലെ തന്നെ ആയിരിക്കുമല്ലോ. സ്വതേ തടസ്സമൊന്നുമില്ലാത്തതും, നമ്മുടെ സഭാമാതാവിൻെറ വിശാലമനസ്ഥിതിക്കും അഭിരുചിക്കും യോജിക്കുന്നതുമായ ഈ മാർഗ്ഗത്തിലൂടെ നമ്മുടെ ഭിന്നസഹോദരങ്ങളിൽ ഒരു നല്ല എണ്ണം വി. പത്രോസിൻെറ തോണിയിലേക്കു വരുന്നതായാൽ, അതു നിശ്ചയമായും ദൈവസ്തുതിയുടെ വർദ്ധനവിനു ഉപകരിക്കുന്നതും ഞങ്ങളുടെ പ്രിയപ്പെട്ട ഭാരതത്തിലേക്കുള്ള അങ്ങയുടെ സന്ദർശനത്തിൻെറ ഒരു ശാശ്വത സ്മാരകമായി ഇരിക്കുന്നതുമാണല്ലോ. ഇതത്രെ ഈ ആനുകൂല്യം അങ്ങയോടു അൎത്ഥിക്കുന്നതിലുള്ള എൻെറ ഉദ്ദേശ്യം.

www.malankaralibrary.com

ഇക്കാര്യങ്ങളെപ്പററിയും, യാക്കോബായക്കാരുടെ ഇടയിലെ ഞങ്ങളുടെ പ്രവത്തനങ്ങളെപ്പററിയും അങ്ങയെ നേരിട്ടു കണ്ടു സംസാരിക്കുന്നതിനായി കഴിഞ്ഞ 11—ാം തീയതി ഞാൻ കൊല്ലത്തെ മെത്രാസന അരമനയിൽ വന്നിരുന്നെങ്കിലും അങ്ങയോടു സംസാരിക്കുന്നതിനുള്ള ഒരവസരം എനിക്കു കിട്ടിയില്ല. അതിനാലാണു് അവിടെനിന്നും മടങ്ങിയെത്തിയ ശേഷം അങ്ങയുടെ ദയാപരമായ ചിന്തനത്തിനായി ഞാൻ ഇത്രയും എഴുതി അയയ്ക്കുന്നതു്.

അടുത്തുവരുന്ന ക്രിസ്മസിൻെറയും നവവത്സരത്തിൻെറയും മംഗളങ്ങൾ ആശംസിച്ചുകൊണ്ടും ഞങ്ങൾക്കും നമ്മുടെ പരിശുദ്ധ അമ്മയുടെ ഭക്തരായ യാക്കോബായക്കാരുടെ ഇടയിലെ ഞങ്ങളുടെ മിഷൻ പ്രവർത്തനങ്ങൾക്കും അങ്ങയുടെ പൈതൃകമായ ആശിസ്സു അപേക്ഷിച്ചുകൊണ്ടും വിരമിക്കുന്നു.

എന്നു മിശിഹായിൽ ഏററം വിനീത പുത്രൻ,

(Sd) Fr. Gregory, C. D.

(വിവത്തനം)

Catholic Mission House,
Kottarakara P. O.
21 - 12 - '24.

www.malankaralibrary.com

ഈ അപേക്ഷയ്ക്കു ഉടനെ ലഭിച്ച മറുപടിസന്ദേശം.

J. M. J.

Quilon, 23-XII-'24.

Dear Rev. Father,

I was sorry not to have been able to see you when you called here. However, I read carefully your communication and I shall not omit to apprise the Sacred Oriental Congregation of your proposal. Meanwhile, you will continue praying and working for the good object you have in view, and for which I invoke upon you, dear father, the abundance of Divine blessings.

Yours Sincerely in Christ,

(Sd.) † Alexis Henry M. Lepicier, O. S. M.,
Abp. of Tarsus & Visitor Ap. to India.

To
The Rev. Fr. Gregory, C. D.
Catholic Mission House,
Kottarakara, P. O.

www.malankaralibrary.com

## അദ്ധ്യായം 3

# തുമ്പമൺ വലിയപ്പനെ കത്തോലിക്കാ സഭാപ്രവേശനത്തിനു പ്രേരിപ്പിച്ച കാരണങ്ങൾ.

തുമ്പമൺ ഭദ്രാസന ഇടവകയിൽനിന്നും ഇദംപ്രഥമമായി കത്തോലിക്കാ സഭയിൽ പ്രവേശിച്ച ധനാഢ്യനും ധീരനും വയോവൃദ്ധനുമായ ഒരു മഹാത്മാവാണ് 1936 ആഗസ്റ്റ് 11-ൽ 84-ാം വയസ്സിൽ ഭാഗ്യമരണം പ്രാപിച്ച ചക്കാലമണ്ണിൽ ഇടയിലെ വീട്ടിൽ തൊമ്മൻ കോരുത് അഥവാ 'തുമ്പമൺ വലിയപ്പൻ'. സഭാപ്രവേശനത്തിനു അദ്ദേഹത്തെ പ്രേരിപ്പിച്ച പല കാരണങ്ങളാണ് ചുവടെ ചേർക്കുന്നത്. *

പന്തളത്തു കുളനടയിൽ ഞങ്ങൾ താമസിക്കുകയിൽ 1922 മേയ് മാസത്തിലാണ് ഞാൻ മി. കോരുതിനെ ആദ്യമായി കണ്ടത്. അദ്ദേഹം ഞങ്ങളെ സന്ദർശിക്കാനായിത്തന്നെ ഞങ്ങളുടെ വസതിയിലേക്കു വന്നതാണ്. ആ പ്രഥമ സന്ദർശനാവസരത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:— ഞാൻ യാക്കോബായക്കാരനായി ജനിച്ചു. എന്നാൽ ചെറുപ്പത്തിലേ മാർത്തോമ്മാ സഭയിൽ ചേർന്നു. പക്ഷേ, എന്റെ പരിശോധനയിൽ അതിനെക്കാൾ പൂർവ്വികവും, സത്യമായതും യാക്കോബായ സഭയാണെന്നു തോന്നിയതിനാൽ അതിലേക്കു തന്നെ പിന്തിരിഞ്ഞു. ഇപ്പോൾ ആ നിലയിലാണു നില്ക്കുന്നത്. ഇവിടങ്ങളിൽ ആ രണ്ടു സഭയ്ക്കു പുറമേ മിക്ക പ്രോട്ടസ്റ്റന്റു സഭകളു

* 1936 സെപ്റ്റംബർ -18-ലെ 'നസ്രാണി ദീപിക' പത്രത്തിൽ ഞാൻ എഴുതിയിട്ടുള്ളതാണ് ഇവ. അതു പിന്നീടു ഇഞ്ചക്കലോടി ബ. തോമ്മസച്ചൻ 1942-ലും ഞാൻ തന്നെ 1947-ലും പുസ്തകരൂപേണ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ ഇതു് ഒരു പുനഃപ്രസിദ്ധീകരണം മാത്രമാണ്. (Ed.)

www.malankaralibrary.com

മുണ്ട്. അവയെപ്പററി അറിഞ്ഞിട്ടുമുണ്ട്. കാതോലിക്കാ സഭ മാത്രം ഇവിടെയാകട്ടെ സമീപസ്ഥലങ്ങളിലാകട്ടെ ഇല്ല. അതാണെങ്കിൽ ഏററം പുരാതനമായ സഭയാണെന്നും, ലോകത്തിലെ ഭൂരിപക്ഷം ക്രിസ്ത്യാനികളും അതിലെ അംഗങ്ങളാണെന്നും ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അതിനെ അത്യന്തം വെറുത്തുദ്വേഷിക്കുന്ന പ്രോട്ടസ്റ്റൻറു കാരിൽനിന്നും ചിലതെല്ലാം കേട്ടിട്ടുള്ളതല്ലാതെ അതിനെപ്പററി യാതൊരു ജ്ഞാനവും എനിക്കില്ല. എങ്കിലും ഇത്ര പുരാതനവും സർവ്വവ്യാപകവുമായ ഈ സഭയെ ഇവർ ഇത്രയധികം ദ്വേഷിക്കുന്നതു എന്തുകൊണ്ടാണെന്നും ഇതിൻെറ ബോധനങ്ങൾ എന്തെല്ലാമാണെന്നും ഒന്നു ഗ്രഹിച്ചാൽ കൊള്ളാമെന്നു ഞാൻ അതിയായി ആഗ്രഹിച്ചിരിക്കയായിരുന്നു. അങ്ങനെയിരിക്കയിലാണു് കാതോലിക്കരും പഴയകൂററു സുറിയാനിക്കാരുമായ രണ്ടു സന്യാസപട്ടക്കാർ ഇവിടെ എൻെറ സമീപത്തു തന്നെ വന്നു താമസിക്കുന്നുണ്ടെന്നു എനിക്കു് അറിയാൻ ഇടയായതു്. ഇതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

X X X X Z X X X

ഈ പ്രഥമ സന്ദർശനം കഴിഞ്ഞ ശേഷം ഞങ്ങൾ പന്തളത്തു താമസിച്ചിരുന്നപ്പോഴും, പിന്നീടു ഞങ്ങളുടെ ആസ്ഥാനം തുമ്പമൺ യാക്കോബായ പള്ളിയുടെ തെക്കു ഭാഗത്തേയ്ക്കു മാററിയ ശേഷവും മി. കോരുതു മതസംഗതികളെപ്പററി ഞങ്ങളുമായി ദീർഘ സംഭാഷണങ്ങൾ നടത്തുന്നതിനും, ഏതന്മൂലം കത്തോലിക്കാ സഭയെപ്പററി സാമാന്യമായ ജ്ഞാനം സമ്പാദിക്കുന്നതിനും ഇടയായിട്ടുണ്ട്. ഇങ്ങനെയിരിക്കെ, 1923–ൽ ഞങ്ങളുടെ വാസം തുമ്പമണ്ണിൽനിന്നും കൊട്ടാരക്കരെയ്ക്കു മാററുകയുണ്ടായി. മതാന്വേഷിയായിരുന്ന മി. കോരുതിനു ഞങ്ങളുടെ ഈ വേർപാടു ദുസ്സഹമായിത്തോന്നി. അതിനാൽ, ഞങ്ങൾ കൊട്ടാരക്കരെ ചെന്നു കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹവും അവിടെയെത്തി. അദ്ദേഹത്തിൻെറ പുത്രിമാരിൽ രണ്ടുപേരെ അവിടെയുള്ള രണ്ടു കുടുംബങ്ങളിൽ വിവാഹം

www.malankaralibrary.com

ചെയ്തുകൊടുത്തിട്ടുണ്ടു്. അവരുടെ വീടുകളിൽ കുറെ ദിവസങ്ങൾ താമസിച്ചുകൊണ്ടു് ഞങ്ങളെ വന്നു സന്ദർശിച്ചിരുന്നു. ഇങ്ങനെയിരിക്കയിൽ ഒരു ദിവസം മി. കോരുതു ഞങ്ങളുടെ പക്കൽ വന്നു ഇങ്ങനെ പറയുകയുണ്ടായി; ''ഇനി എന്റെ സഭാപ്രവേശനം ഒട്ടും താമസിപ്പിക്കാൻ നിവൃത്തിയില്ല. അച്ചന്മാർക്കു വിരോധമൊന്നുമില്ലെങ്കിൽ എന്നെ ഉടനെ തന്നെ സഭയിൽ സ്വീകരിക്കണം. ഇത്രപെട്ടെന്നു ഇതിനു എന്നെ പ്രേരിപ്പിച്ച കാരണവും പറയാം. ഇന്നലെ ഞാൻ ഇവിടെനിന്നും മകളുടെ വീട്ടിലേക്കു പോകുംവഴി, ഈ പള്ളിയിൽ കയറി കാണിക്കയും ഇട്ടുംവെച്ചു് കുന്നിക്കോട്ടു ചന്തയിലേക്കു മീൻകൊട്ടകളും ചുമന്നുകൊണ്ടു് ധൃതിയിൽ പോയിരുന്ന കുമ്പളങ്ങാരും കാഞ്ഞിരകോട്ടുകാരുമായ കുറെ മരസ്ലാത്തികൾ എന്നെക്കാണുന്നതിനും 'വലിയപ്പാ, ഇങ്ങോട്ടു വേഗം ചേരണേ' എന്നു എന്നോടു പറയുന്നതിനും ഇടയായി. അതു കേട്ടപ്പോൾ ''എങ്ങോട്ടു്? മരസ്ലാന്മാരുടെ കൂടെയോ?'' എന്നു ഞാൻ ചോദിച്ചു. അപ്പോൾ ''അതല്ല വലിയപ്പാ, കത്തോലിക്കാ സഭയിലേക്കു്'' എന്നു് അവർ മറുപടിയും നൽകി. അതിനു്, ''ഉം. ആകട്ടെ'' എന്നു മാത്രം തല്ക്കാലം ഞാൻ പറഞ്ഞെങ്കിലും അതു കേട്ടപ്പോൾ മുതൽ എനിക്കു വലിയൊരു മനഃചഞ്ചലമാണു്. കാരണം, ധനസ്ഥിതികൊണ്ടും, പൂർവ്വികമായ ക്രിസ്തീയ പാരമ്പര്യംകൊണ്ടും, ജാത്യാഭിമാനവും കുടുംബസ്ഥിതിയും കൊണ്ടും അവരെക്കാൾ വളരെ ഉയർന്ന നിലയിലിരിക്കുന്ന എന്നോടു കാതോലിക്കരായ ആ സാധു സ്ത്രീകൾ ഇങ്ങനെ സധൈര്യം പറയാനും എനിക്കതു കേൾക്കാനും കാലമായല്ലൊ എന്നുള്ളതാണു് അതു്. അതുകൊണ്ടത്രെ ഉടനെയുള്ള സഭാപ്രവേശനത്തിനു ഞാൻ ആവശ്യപ്പെടുന്നതു്.

X X X X X X X X

വൃദ്ധന്റെ അപേക്ഷയനുസരിച്ചു സഭാസ്വീകരണം അടുത്തുതന്നെ നടത്തിക്കൊടുക്കാമെന്നു സമ്മതിച്ചു, അതോടെ അദ്ദേഹം തുമ്പമണ്ണിലേക്കു മടങ്ങുകയും, തന്റെ കളത്ര

www.malankaralibrary.com

പുത്രാദികളോടും ബന്ധുമിത്രാദികളോടും വിവരമറിയിക്കുകയും ചെയ്തു. അവരിൽ ഓരോരുത്തരോടും പറഞ്ഞിരുന്നതു "ഞാൻ കാതോലിക്കാ സഭയിൽ ചേരാൻ തീർച്ചയാക്കിയിരിക്കുന്നു. ഇതു എൻെറ ആത്മരക്ഷയ്ക്കു ഏതെങ്കിലും തരത്തിൽ തടസ്സമാകുമെന്നുണ്ടെങ്കിൽ കാര്യകാരണസഹിതം ഉടനെ പറയണം" എന്നായിരുന്നു. അതിന് "ചത്താൽ എങ്ങനെയാണ്? പള്ളി എവിടെയാണ്? ആരോടുകൂടിയാണുസഹകരിക്കുക?" എന്നിങ്ങനെ ചിലരും, "യാക്കോബായ സഭയിലും രക്ഷയുള്ളസ്ഥിതിക്ക് ഇപ്പോഴത്തെ നിലയിൽതന്നെ നിന്നാൽ മതിയല്ലോ" എന്നു മററു ചിലരും പറഞ്ഞു. അതിനുള്ള വൃദ്ധൻെറ മറുപടി ഇതായിരുന്നു:— "ആത്മരക്ഷയെ ഉദ്ദേശിച്ചു മാത്രമാണല്ലൊ നാം ഒരു മതം സ്വീകരിക്കുന്നത്. ഒരു കർത്താവും ഒരു മാമ്മോദീസായും ഉള്ളതുപോലെ സത്യവിശ്വാസവും ഒന്നേ ഉണ്ടാകാവൂ എന്നുണ്ടല്ലൊ. കാതോലിക്കരാണെങ്കിൽ ഏകസത്യവിശ്വാസം തങ്ങളുടേതാണെന്നും അതിനു പുറമേയുള്ള വിശ്വാസങ്ങളെല്ലാം അസത്യങ്ങളാണെന്നും രക്ഷയ്ക്കുള്ള ഏക സഭ കാതോലിക്കാ സഭയാണെന്നും ധൈര്യസമേതം പറയുന്നു. യാക്കോബായ ഉൾപ്പെടെയുള്ള ഇതരക്രൈസ്തവസഭകളിൽ ഓരോന്നും തങ്ങളുടേതു സത്യമാണെന്നു പറയുന്നുണ്ടെങ്കിലും അതു മാത്രമാണ് സത്യമെന്നോ കാതോലിക്കാ സഭയിൽ രക്ഷയില്ലെന്നോ പറയാൻ ധൈര്യപ്പെടുന്നില്ല. ആ സ്ഥിതിക്കു, രക്ഷയ്ക്ക് തടസ്സമില്ലാത്തതായി എതൃകക്ഷികൾ കൂടെയും സമ്മതിക്കുന്ന കാതോലിക്കാ സഭയിൽതന്നെ ഞാൻ ചേരേണ്ടതല്ലയൊ? ആത്മരക്ഷ സർവ്വപ്രധാനമായൊരു കാര്യമായിരിക്കെ, അതു സംശയസ്ഥാനത്തുകൊണ്ടുപോയി വെയ്ക്കുന്നതു അവിവേകവും ബുദ്ധിഹീനതയും ആയിരിക്കയില്ലേ?"

ഈ വിധം വേണ്ടപ്പെട്ട ഏവരോടും വിവരങ്ങൾ അറിയിച്ചശേഷം മി. കോരുതു താമസംവിനാ കൊട്ടാരക്കര എത്തുകയും അവിടത്തെ കത്തോലിക്കാ പള്ളിയിൽവച്ച്

www.malankaralibrary.com

1923 മേയ് 8—ാം തീയതി 71—ാമത്തെ വയസ്സിൽ മുറപ്രകാരം കത്തോലിക്കാ സഭയിൽ സ്വീകരിക്കപ്പെടുകയും ചെയ്തു.

X X X X X

സഭാ പ്രവേശനവും കഴിഞ്ഞു തുമ്പമണ്ണിൽ തിരിച്ചെത്തിയ വൃദ്ധനോട പലരും ചോദിച്ചിരുന്ന ഒരു ചോദ്യം ‚‚ഇനി ചത്താൽ എങ്ങനെയാണ്?'' എന്നായിരുന്നു. അതിനു മി. കോരുത്തു സന്ദർഭം നോക്കി നൽകിയിരുന്ന മറുപടി രസാവഹമാണ്, ‚‚ചത്താൽ എങ്ങനെയാണ്?'' എന്നു നിങ്ങരം ചോദിക്കുന്നു. ഇവിടെ അടുത്തെങ്ങും കാതോലിക്കാ പള്ളികളോ, ശവക്കോട്ടകളോ ഇല്ലാത്ത സ്ഥിതിക്കു ശവം എവിടെ സംസ്ക്കരിക്കും എന്നതായിരിക്കുമല്ലോ നിങ്ങളുടെ ഈ ചോദ്യത്തിൻെറ സാരം. കൊള്ളാം. ഞാൻ അന്വേഷിച്ചിട്ട് ആവശ്യമില്ലാത്ത ഏക കാര്യം അതാണെന്നാണു ഞാൻ വിചാരിക്കുന്നത്. അതു ഇന്നവിധത്തിൽ ഇന്ന സ്ഥലത്തു സംസ്ക്കരിക്കണം എന്നെല്ലാം ഞാൻ മുൻകൂട്ടി വ്യവസ്ഥ ചെയ്യുകയും അതിലേക്കു വേണ്ട തുക നീക്കിവയ്ക്കുകയും ചെയ്താലും, ജീവിച്ചിരിക്കുന്ന എൻെറ ബന്ധുമിത്രാദികരം ആ വ്യവസ്ഥയനുസരിച്ചു യാതൊന്നും പ്രവൎത്തിക്കാതെ വരുന്ന പക്ഷം ഞാൻ എന്തു ചെയ്യും? അതിനാൽ, മററുള്ളവരുടെ ശവം മൂടുന്നതിനെപ്പററിയല്ലാതെ, എൻെറ ശവം മൂടുന്നതിനെപ്പററി ഞാൻ ചിന്തിച്ചിട്ടേ ആവശ്യമില്ല. അക്കാര്യം എൻെറ ഭാര്യയും മക്കളുമാണ് വിചാരിക്കേണ്ടതു്. അവൎക്കും അതിന്മേൽ ചിന്തയില്ലെങ്കിൽ ഞാൻ മരിക്കുന്ന സ്ഥലത്തുതന്നെ എൻെറ മൃതശരീരം കിടന്നുകൊള്ളട്ടെ. ഒന്നു രണ്ടു ദിവസം കഴിഞ്ഞു അതു ചീഞ്ഞുനാറുന്നു എന്നു കാണുമ്പോരം വല്ല വഴിപോക്കരെങ്കിലും അതെടുത്തു മൂടാതിരിക്കയില്ല. അതിനു അപ്പോരം സ്ഥലവുമുണ്ടാകും.''

മററു ചിലരോടാകട്ടെ അദ്ദേഹം മറുപടി പറഞ്ഞിരുന്നതു ഇങ്ങനെയാണ്. ‚‚ചത്താൽ എങ്ങനെ എന്നു നിങ്ങരം ചോദിക്കുന്നു. ചത്താൽ എവിടെ മൂടും എന്നല്ലേ നിങ്ങളുടെ ഭയം? കൊള്ളാം, എവിടെ മൂടിയാലെന്തു്?

www.malankaralibrary.com

മൃതശരീരം മൂടുന്ന സ്ഥലവ്യത്യാസമനുസരിച്ചായിരിക്കു മോ ആത്മാവു രക്ഷ പ്രാപിക്കുന്നതു്? ചീഞ്ഞഴുകി മണ്ണോടു മണ്ണായി ചേർന്നുപോകുന്ന ഈ ശരീരം മൂടുന്ന കാര്യമോർത്തിട്ടു് നിങ്ങരം സത്യസഭയിൽ ചേരാൻ മടിക്കുന്നു. ചീഞ്ഞഴിയാത്തതും, മരണമില്ലാത്തതുമായ ആത്മാവിന്റെ കാര്യത്തെപ്പററിയും നാം ഒന്നു ഓക്കേണ്ടതല്ലയോ? അതിനാൽ ചത്താൽ പിന്നെ എങ്ങനെയാണു് എന്നുകൂടെ നാം ഒന്നു ചിന്തിക്കണം. ഇതാണു കൂടുതൽ സാരമായിട്ടുള്ളതു്. ചത്താൽ മൂടുന്ന കാര്യം ഓർത്തിട്ടു നിങ്ങരം കാതോലിക്കാ സഭയിൽ ചേരാൻ മടിക്കുന്നു. എന്നാൽ ചത്താൽ പിന്നെയുള്ള ആത്മാവിന്റെ കാര്യമോർത്തിട്ടു എനിക്കു അതിൽ ചേരാതിരിക്കാൻ നിവൃത്തിയില്ലാതെയാണു വന്നതു്.

ഇനിയും ചിലർക്കു ഈ ചോദ്യത്തിനു വൃദ്ധൻ കൊടുത്തിരുന്ന മറുപടി വേറൊന്നാണു്. 'ചത്താൽ എങ്ങനെ' എന്നാണല്ലൊ നിങ്ങളുടെ ചോദ്യം. ചത്താൽ മൃതശരീരം മൂടുന്ന കാര്യത്തെപ്പററി ആയിരിക്കുമല്ലൊ ഭയം? കൊള്ളാം, നിങ്ങരം ഇത്ര പാവങ്ങളാണെന്നു ഞാൻ വിചാരിച്ചില്ല. എന്റെ പുരയിടങ്ങളിൽ കുറവർ, പുലയർ, പറയർ ആദിയായി പലർ വസിക്കുന്നുണ്ടു്. അവർക്കാക്കും ഒരിഞ്ചു സ്ഥലം പോലും സ്വന്തമായിട്ടില്ല. എന്നിട്ടും സാധുക്കളായ അവർ മരിക്കുമ്പോരം അവർക്കു മൂടാൻ സ്ഥലം കിട്ടുന്നുണ്ടു്. ആരും മൂടപ്പെടാതിരിക്കുന്നുമില്ല. ആ സ്ഥിതിക്കു, ദൈവാനുഗ്രഹത്താൽ ഇത്രയധികം പുരയിടങ്ങളും നിലങ്ങളുമെല്ലാമുള്ള എനിക്കു ഞാൻ മരിച്ചാൽ മൂടാൻ സ്ഥലം കിട്ടുകയില്ലെന്നാണോ നിങ്ങരം ഭയപ്പെടുന്നതു്? കഷ്ടംതന്നെ!

X X X X X

ഒരിക്കൽ മി. കോരുതിന്റെ മൂത്ത പുത്രിയോടു ആരോ ഒരാരം ചോദിച്ചു. "അന്നമ്മേ, എന്താണു നമ്മുടെ ഇടയിലെ വീട്ടിലെ വല്യപ്പനു ഒരു 'കട്ട' ഇളകിയിരിക്കയാണോ?"

www.malankaralibrary.com

പുത്രി:—എന്താണു് ഇങ്ങനെ ചോദിക്കാൻ കാരണം?

അപരൻ:— അല്ല, ഈയിടെ റോമായിൽ ചേൎന്നിരിക്കയാണെന്നുകേട്ടല്ലൊ?

പുത്രി:— ആഹാ! അത്രേയുള്ളോ?

ഈ സംഭാഷണവിവരം വൃദ്ധൻ തന്നെ ഒരിക്കൽ ഞങ്ങളോടു പറയുകയും അതെപ്പററി ഇങ്ങനെ ഒരു വിമർശനം നടത്തുകയുമുണ്ടായി. ഒരു യാക്കോബായക്കാരനായ അയാളു ഈ വിധം പറഞ്ഞതിൽ എനിക്കു ഒട്ടും വിസ്മയം ഇല്ല. മറിച്ചു പറഞ്ഞിരുന്നെങ്കിലാണു വിസ്മയിക്കേണ്ടിയിരുന്നതു്. എന്തെന്നാൽ സൎവ്വസ്വാതന്ത്ര്യങ്ങളും അനുഭവിക്കാൻ ഏവനും കാംക്ഷിക്കുന്ന ഇക്കാലത്തു് ഒരു ക്രിസ്ത്യാനിയായി ജീവിക്കുക എന്നതു ഒരു ഭ്രാന്തായി പുറജാതികാംക്കു തോന്നാം. അങ്ങനെതന്നെ കൂടുതൽ നിബന്ധനകളും ചട്ടംകെട്ടുകളും ഉള്ള കാതോലിക്കാസഭയിൽ ചേൎന്നു ജീവിക്കുന്നതു 'കുത്തഴിഞ്ഞ പുസ്തകം' പോലിരിക്കുന്ന കാതോലിക്കേതര ക്രൈസ്തവസഭക്കാൎക്കു് ഒരു ഭ്രാന്തായി തോന്നാം. എന്തിനു് ഒരു ദൈറായക്കാരൻ (സന്യാസി) ആയി ജീവിതം നയിക്കുന്നതു ഒരു ഭ്രാന്താണെന്നു കാതോലിക്കരിൽ തന്നെയും പലർ വിചാരിക്കാറില്ലേ? ഒരുപക്ഷേ, ഇതുകൊണ്ടുതന്നെയായിരിക്കുമോ സന്യാസാൎത്ഥികളായി നിങ്ങളു കൂട്ടി വളർത്തുന്ന ചെറുപ്പക്കാർക്കു് അസ്പിരാന്തുകാർ (Aspirants) എന്നോ, 'അരപ്രാന്തുകാർ' എന്നോ മറേറാ പേർ കൊടുത്തിരിക്കുന്നതെന്നും എനിക്കു തോന്നിയിട്ടുണ്ടു്. സന്യാസം ലോകദൃഷ്ട്യാ ഒരു മുഴുഭ്രാന്തായിരിക്കെ, അതിനെ കാംക്ഷിക്കുന്നവരെ അര ഭ്രാന്തന്മാരായി പരിഗണിക്കുന്നതിൽ തരക്കേടൊന്നുമില്ലല്ലൊ. അതിനാൽ എൻെറ മകളോടു ചോദ്യം ചെയ്ത യാളു എന്നെ ഒരു 'കട്ട' ഇളകിയവനായി വിചാരിക്കുന്നതിൽ വിസ്മയിക്കാനില്ല.

X X X X Z

സഭാപ്രവേശനം കഴിഞ്ഞതുമുതൽ മരണംവരെ മി. കോരുതു് ഒരു ക്രൂശിതരൂപം സദാ കഴുത്തിൽ ധരിച്ചിരു

www.malankaralibrary.com

ന്നു. തുമ്പമൺ ഭാഗങ്ങളിൽ ഇതൊരു അപൂർവ്വ നടപടി ആയിരുന്നതിനാൽ കാണികളെ തന്നിലേക്ക ആകർഷി ക്കുന്നതിനുവേണ്ടിക്കൂടെയാണു വൃദ്ധൻ ഈ വിധം ചെയ്തിരുന്നതു്. ഇതേപ്പററി 'ക്രിസ്തുവിൻെറ പ്രതിമ' നമ്മുടെ ഹൃദയത്തിലാണു് ഉണ്ടാകേണ്ടതു്. അല്ലാതെ പുറമേയല്ല, എന്നു പറഞ്ഞ ഒരാാംക്ക അദ്ദേഹം കൊടുത്ത മറുപടി ഹൃദയത്തിൽ അതു ഉണ്ടാകുന്നതിനു ഇതു ഒരു വിധത്തിൽ സഹായിക്കുക കൂടെയും ചെയ്യുയില്ലേ? എന്നായിരുന്നു.

X X X X X

‹‹വലിയപ്പാ, ഞാനുംകൂടെ കാതോലിക്കാ സഭയിൽ ചേൎന്നുകൊള്ളാം. എനിക്ക അവിടെനിന്നും എന്തുകിട്ടും?'' എന്നു് ഒരിക്കൽ ഒരു യുവാവു് മി. കോരുതിനോടു ചോദിച്ചു. അതിനു വൃദ്ധൻ ‹‹മറേറതൊരു കാതോലിക്കനും സഭയിൽനിന്നും കൊടുക്കുന്നതെല്ലാം സൌജന്യമായി നിനക്കും നൽകുന്നതാണു്. കുമ്പസാരം ആദിയായവയ്ക്കു നീ പണമൊന്നും കൊടുക്കേണ്ടതുമില്ല'' എന്നുത്തരം നൽകി.

യുവാവു് — അതു എനിക്കറിയാം. പിന്നെ എന്തു കിട്ടും എന്നാണു് ഞാൻ ചോദിക്കുന്നതു്.

വൃദ്ധൻ — കൊള്ളാം. രക്ഷയ്ക്കുള്ള ഏകമാർഗ്ഗം ഇതാണു് എന്നുള്ള പരമാത്ഥബോധത്തോടെയാണു് നീ വരുന്നതെങ്കിൽ മററു കാതോലിക്കൎക്കുള്ളതിൽ നിന്നും വ്യത്യസ്തമായ ഒരു സമ്മാനം വിശേഷാൽ നിനക്ക ലഭിക്കും. അതു മറെറാന്നുമല്ല ഒരു കരിശത്രെ. മററു കാതോലിക്കൎക്കുള്ളതിനെക്കാറം കൂടുതൽ വിഷമതകളും ബുദ്ധിമുട്ടുകളും ക്രിസ്തുവിനെപ്രതി നീ സഹിക്കേണ്ടതായി വരും എന്നതാണു് ഞാൻ ഈ പറയുന്നതിൻെറ സാരം എന്നു നീ ഗ്രഹിക്കുമെല്ലൊ.

X X X X X

യാക്കോബായക്കാരുടെ ഒരു മാന്യനേതാവും, ഒരു കത്തോലിക്ക വൈദികനുമായുണ്ടായ ഒരു സംഭാഷണത്തിൽ ‹‹അച്ചാ, നിങ്ങളുടെ അപ്രമാദിത്വം (Infallibility) എന്ന

www.malankaralibrary.com

താണു് ഞങ്ങളെ അധികമായി വിഷമിപ്പിക്കുന്നതു്. അതില്ലായിരുന്നെങ്കിൽ ഈസഭകൾതമ്മിൽ യോജിക്കുന്നതിനു ഒരു പ്രയാസവുമില്ലായിരുന്നു'' എന്നു ആ യാക്കോബായക്കാരൻ പറഞ്ഞതായി നമ്മുടെ വൃദ്ധൻ ഒരിക്കൽ കേട്ടു. അതു കേട്ടപ്പോൾ ചിരിച്ചുകൊണ്ടു അദ്ദേഹം പറയുകയാണു്: ''ഹാ! അയാൾ ഇത്ര ഭോഷനാണോ? കാതോലിക്കാ സഭയിലേക്കു എന്നെ മുഖ്യമായും ആകർഷിച്ചതു ഈ അപ്രമാദിത്വമാണു്. അതില്ലെങ്കിൽ, ഇത്രയധികം നിബന്ധനകളുള്ള പ്രസ്തുത സഭയിൽ ഒരു നിമിഷംപോലും ഞാൻ നില്ക്കുകയില്ല. അതിനും തെററിപ്പോകാമെങ്കിൽ അതും ഇതര സഭകളും തമ്മിൽ എന്താണു് വ്യത്യാസം? കുറെക്കൂടെ സ്വാതന്ത്ര്യമുള്ള ഒരു സഭയിൽ എനിക്കു നിന്നുകൂടെയോ? എന്നുവേണ്ടാ, എന്റെ സൌകര്യമനുസരിച്ചു സ്വന്തമായി ഒരു നവീന സഭയുണ്ടാക്കി അതിൽ എനിക്കു ജീവിച്ചു കൂടെയോ? പ്രമാദമുള്ള ഏതൊരു സഭയോടും സമമുള്ളതായിരിക്കുമല്ലൊ എന്റെ ആ സഭയും— അതിനാൽ പ്രമാദരഹിതമായ ഏക സഭ കാതോലിക്കാ സഭയാണെന്നു കാണുന്നതുകൊണ്ടുമാത്രമാണു് ഞാനതിൽ ചേർന്നതും, ഇന്നും അതിൽ ജീവിക്കുന്നതും.

X X X X X

ഒരു പ്രസിദ്ധ വാഗ്മിയും താർക്കികനുമായിരുന്ന പരേതനായ ഫൈത്രൂർ വില്ലോത്തു് മി. നൈനാൻ വറുഗീസിനെപ്പററി പലരും കേട്ടിരിക്കുമല്ലോ. കുറെ കൊല്ലങ്ങൾക്കു മുൻപു് ഫൈത്രൂരുള്ള കർമ്മലീത്താ ആശ്രമം സന്ദർശിക്കാനായി മി. കോരുതു അവിടെ ചെന്നിരുന്ന അവസരത്തിൽ അവർ തമ്മിൽ കാണാനിടയായി. പരസ്പരം കേട്ടറിവേ ഉണ്ടായിരുന്നുള്ളു. ആ പ്രഥമ സന്ദർശനവേളയിൽ സരസനായ മി. നൈനാൻ വർഗ്ഗീസ് ഇങ്ങനെ ചോദിച്ചു. ''എന്റെ വലിയപ്പാ ഇതെന്തു പററി? എന്തുകൊണ്ടാണു് ഈ അബദ്ധത്തിൽ ചെന്നു ചാടിയതു്? ഞങ്ങളാണെങ്കിൽ ചെറുപ്പക്കാരാണു്. ബുദ്ധിക്കും മററും വേണ്ട പക്വത വന്നിട്ടില്ല. അതുകൊണ്ടു് ഓരോ അബദ്ധത്തി

www.malankaralibrary.com

ൽ ചെന്നു ചാടിയെന്നു വരാം. അതിൽ വിസ്മയിക്കാനു മില്ല. എന്നാൽ, വലിയപ്പനെപ്പോലെ ഇത്ര നല്ല പ്രായവും ജ്ഞാനവും പക്വതയുമെല്ലാം സിദ്ധിച്ചവർ ഇങ്ങനെ നിൽക്കുന്ന നിലവിട്ടു് റോമായിലേക്കും മററും എടുത്തു ചാടിയാൽ അതേപ്പററി എന്തു പറയട്ടെ.''

വൃദ്ധൻ: എൻെറ കുഞ്ഞേ, ഞാനും അക്കാര്യംതന്നെയാണു വിചാരിക്കുന്നതു്. എനിക്കാണെങ്കിൽ വയസ്സു് എമ്പതോളമായി. ശവക്കുഴിയിലേക്കു കാൽ നീട്ടിക്കഴിഞ്ഞു. ഇനി ലോകത്തിനും വേണ്ട, ലോകത്തെയും വേണ്ട എന്ന നിലയിലായി മരണം പാർത്തിരിക്കുകയാണു്. എൻെറ അന്വേഷണത്തിൽ മരിക്കാൻ കാതോലിക്കാസഭപോലെ ഇത്ര വിശിഷ്ടമായ വേറൊരു സഭ ഞാൻ കാണുന്നില്ല. അതിനാലാണു് ഞാൻ തത്രപ്പെട്ടു ആ സഭയിൽ ചേർന്നതു്. ജീവിക്കാൻ മാത്രമാണെങ്കിൽ ഇതു ഒട്ടും പററിയതുമല്ല. അതിനാകട്ടെ നമ്മുടെ യാക്കോബായ, മാർത്തോമ്മാ, പ്രോട്ടസ്റ്റൻറു് ആദിയായവയാണു് അധികം നല്ലതു്. അങ്ങനെയിരിക്കെ, യൗവ്വനയുക്തരായ നിങ്ങളെപ്പോലുള്ളവർ, ജീവിതസുഖമനുഭവിക്കേണ്ടതായ ഈ ചെറുപ്രായത്തിൽ പ്രസ്തുത സഭകളിൽനിന്നും മരിക്കാനുള്ളവർക്കുള്ള ഈ റോമാസഭയിൽ ചെന്നു ചാടിയിരിക്കുന്നതു എന്തുകൊണ്ടാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇതിലാണു് എനിക്കു വിസ്മയം.

X X X Z X

നല്ല ചരിത്രപടുവായ ഒരു യാക്കോബായക്കാരനുമായി മി. കോരുതു ഒരിക്കൽ സംഭാഷിച്ചു കൊണ്ടിരിക്കയിൽ ആ ചരിത്ര പ്രിയൻ ഇങ്ങനെ പറഞ്ഞു. ''ഇവിടെ വന്നു താമസിക്കുന്ന രണ്ടു സന്യാസപട്ടക്കാരെ കണ്ടുകൊണ്ടു് വലിയപ്പൻ വിചാരിക്കുന്നതു ഇതുപോലെയാണു് കാതോലിക്കർ ഏവരും എന്നായിരിക്കും. എൻെറ വല്യപ്പാ, വൃഥാ തട്ടിക്കപ്പെട്ടുപോകരുതേ. ഈ രണ്ടച്ചന്മാരും നല്ലവർ തന്നെ. എന്നാൽ, എല്ലാവരും ഇതുപോലൊന്നുമല്ല. കാതോലിക്കർ കൂട്ടമായി വസിക്കുന്ന വടക്കൻപ്രദേശങ്ങളിൽ ധാരാളം സഞ്ചരിച്ചിട്ടുള്ള

www.malankaralibrary.com

ഒരാളാണ് ഞാൻ. മീനച്ചിൽ, തൊടുപുഴ മുതലായ പ്രദേശങ്ങളിൽ മദ്യപാനം, അടിപിടി, കൊലപാതകം ആദിയായവ എത്രമാത്രമുണ്ടെന്നു വലിയപ്പന് അറിയാമോ? അവിടങ്ങളിലാണെങ്കിൽ കാതോലിക്കരേയുള്ള എന്നു പറയാം.

വൃദ്ധൻ: ആഹാ! അങ്ങനെയൊ? അപ്പോഠം എന്താണ് കാതോലിക്കർ ഏവരും ഈ വിധ അക്രമങ്ങഠം നടത്തണമെന്നു അവരുടെ നിയമങ്ങളിലൊ, മേലധികാരികളുടെ കല്പനകളിലൊ വല്ലതുമുണ്ടോ?

ചരിത്രപട: ഹേയ് അതില്ല. ഇല്ലെന്നു മാത്രമല്ല, അവ്വിധമൊന്നും ചെയ്യരുതെന്നു കർശനമായ കല്പനകളുമുണ്ട്.

വൃദ്ധൻ: ഹാ! അങ്ങനെയെങ്കിൽ നിവൃത്തിയുണ്ട്. ഈവിധ അക്രമങ്ങഠം ഓരോ കാതോലിക്കനും പ്രവൎത്തിച്ചേമതിയാവൂ എന്നുവല്ലതുമുണ്ടായിരുന്നെങ്കിൽ ഞാൻ വിഷമിച്ചുപോകുമായിരുന്നു.

ഇതുകൊണ്ടു പരാജിതനായ ഭാവം കാണിക്കാതെ ചരിത്രപട തുടർന്നു പറഞ്ഞു: "വലിയപ്പൻ ചരിത്രങ്ങളൊന്നും വായിച്ചിരിക്കയില്ല. ചരിത്രങ്ങഠം ധാരാളം വായിക്കണം. അപ്പോഠം കാണാം ഈ കാതോലിക്കരുടെ പൂച്ചെല്ലാം തെളിയുന്നതു്.

വൃദ്ധൻ: അതേ കുഞ്ഞേ, ഞാനും അതുതന്നെയാണ് പറയുന്നതു്. ചരിത്രങ്ങഠം ധാരാളം വായിക്കണം— (അതായതു, അയാഠം ചരിത്രത്തിൻെറ ഒരുവശംമാത്രമേ കണ്ടിട്ടുള്ളു എന്നും, അതിൻെറ മറുവശംകൂടെ നന്നായി ഗ്രഹിക്കത്തക്കവണ്ണം യഥാൎത്ഥ ചരിത്രങ്ങഠംകൂടെ വായിക്കണമെന്നും, അപ്പോഠം പൂച്ചു എവിടെയാണെന്നു് വേണ്ടവിധം ഗ്രഹിക്കാൻ ഇടയാകുമെന്നുമത്രെ സാരം.)

X X X X X

പുത്തൻകൂറുകാരുടെ ഒരു മെത്രാപ്പോലീത്താ തുമ്പമൺ സന്ദർശിച്ച ഒരവസരത്തിൽ മി. കോരുതു അദ്ദേഹത്തെ ചെന്നു കാണുകയും, താൻ കത്തോലിക്കാ സഭയിൽ

www.malankaralibrary.com

ചേൎന്ന വിവരം ഉണൎത്തിക്കുകയും ചെയ്തു. മെത്രാപ്പോലീത്തായുടെ പല ചോദ്യങ്ങൾക്കും കുററാരോപണങ്ങൾക്കും മി. കോരുതു സമാധാനം നൽകി. ഒടുവിൽ, അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി: ''റോമ്മാ സഭയിൽ പട്ടക്കാരെല്ലാം അവിവാഹിതർ ആയിരിക്കണമെന്നു ഒരു നിർബന്ധനിയമമുണ്ടെന്നും, അതുമൂലം അവരുടെ വൈദികരുടെ ഇടയിലുള്ള വഷളത്തങ്ങൾക്കും അസാന്മാർഗ്ഗിക നടപടികൾക്കും കണക്കില്ലെന്നും അറിയാമോ?

വൃദ്ധൻ: തിരുമേനി ഇതുവരെ പലതെല്ലാം കല്പിച്ചു ചോദിച്ചു. അവക്കു അടിയൻ കഴിവുള്ള സമാധാനവും നൽകി. എന്നാൽ ഇപ്പോൾ ചോദിച്ച ഈ ചോദ്യത്തിനു അടിയനു തക്ക സമാധാനമില്ല. കാരണം, അടിയൻ ഒരു വിവാഹിതനാണു്. അതിനാൽ അവിവാഹിതരുടെ സ്ഥിതിഗതികൾ എന്തെല്ലാമെന്നു അറിഞ്ഞുകൂടാ. തിരുമേനിയാകട്ടെ അവിവാഹിതജീവിതത്തിൻെറ അനുഭവസ്ഥനായിരിക്കെ അങ്ങനെയുള്ളവരെ സംബന്ധിച്ചു അവിടുന്നു കല്പിച്ചു പറയുന്നതിൽ അടിയൻ വിശ്വസിക്കയല്ലാതെ എന്താണു ചെയ്യുക?

X X X X X

വേറൊരു അവസരത്തിൽ മി. കോരുതു യാക്കോബായക്കാരുടെ ഒരു ബാങ്കിൽ ചെന്നിരുന്നു. ബാങ്കിലെ സിൽബന്ധികളെല്ലാം പുതിയ ബാവാകക്ഷിയിലും മെത്രാക്കക്ഷിയിലും ഉൾപ്പെട്ട ചെറുപ്പക്കാർ ആയിരുന്നു. അവർ വൃദ്ധൻെറ സഭാമാററത്തെപ്പററി പല ചോദ്യങ്ങളും ചെയ്തു. അവക്കുവേണ്ട സമാധാനം പറഞ്ഞശേഷം ഒടുവിൽ അദ്ദേഹം അവരോടു ഇങ്ങനെ പറഞ്ഞു: ''ഞാൻ കാതോലിക്കാ സഭയിൽ ചേൎന്നിട്ടു കുറേ കൊല്ലങ്ങളായി. ഇവിടെ സഹകരിക്കുന്നതിനുപോലും ആരുമില്ലെന്നു പറയാം. അതിനാൽ, തിരികെ പഴയനിലയിലേക്കുതന്നെ പോയെങ്കിലോ എന്നു ചിലപ്പോൾ സംശയിച്ചുപോകുന്നു. പക്ഷേ, അവിടെയിതാ വലിയൊരു പ്രതിബന്ധം. എന്താണെന്നോ? ഞാൻ വിട്ട സഭ യാക്കോബായ ആയിരുന്നു.

www.malankaralibrary.com

ഇപ്പോഴാകട്ടെ അതു പുതിയ ബാവാ കക്ഷിയെന്നോ, മെത്രാൻകക്ഷിയെന്നോ, ഓർത്തഡോക്സോ എന്നോ ഒക്കെ ആയിരിക്കുന്നെന്നാണു് കേൾക്കുന്നതു്. ഇവയിൽ ഏതാണു് ശരിയെന്നും, ഏതിലാണു് ഞാൻ തിരികെ വന്നു ചേരേണ്ടതെന്നും നിങ്ങൾ ദയവായി ഒന്നു പറഞ്ഞുതന്നാൽ ഞാൻ അതിലേക്കു ചേർന്നേക്കാം.''

ഈ വാക്കുകൾ കേട്ടപ്പോൾ അതു തങ്ങളെ കളിയാക്കുന്നതിനുവേണ്ടിമാത്രം വൃദ്ധൻ പറഞ്ഞതാണെന്നു മനസ്സിലാക്കിയ വിവിധ കക്ഷികളിൽപെട്ട ബാങ്കുകാർ ക്ഷോഭിക്കാനും കത്തോലിക്കാസഭയെ ദൂഷിക്കാനും തുടങ്ങി. അങ്ങനെ ആ സംഭാഷണവും അവസാനിച്ചു.

X X X X X

മി. കോരുതിൻെറ സഭാപ്രവേശനത്തിനു മുമ്പും പിമ്പും ഞങ്ങളെ പല പ്രാവശ്യം സന്ദർശിച്ചിട്ടുള്ള വിവരം മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. താദൃശ സന്ദർശനാവസരങ്ങളിൽ ചിലപ്പോൾ വീട്ടിൽനിന്നും ചില പലഹാരങ്ങൾ കൊണ്ടുവന്നിരുന്നു. എന്നാൽ, സന്യാസികളായ ഞങ്ങൾക്കു് ആവശ്യമുള്ളതെല്ലാം ഉണ്ടെന്നും, ഇങ്ങനെയൊന്നും സദയം കൊണ്ടുവരേണ്ടതില്ലെന്നും പല തരത്തിലും പല പ്രാവശ്യവും ഞങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഓരോ ഉപായങ്ങൾ പറഞ്ഞുകൊണ്ടു വൃദ്ധൻ ആ വാക്കുകളെ സസ്നേഹം അവഗണിക്കുകയാണു് ചെയ്തിട്ടുള്ളതു്. അദ്ദേഹം ഞങ്ങളുടെ വസതിയിൽ വന്നിരുന്ന ഒരവസരത്തിൽ രഹസ്യമായി ഒരു പാത്രമെടുത്തു അതിൽ എന്തോ നിക്ഷേപിക്കുന്നതായി കണ്ടുകൊണ്ടു സ്വല്പം ഉയർന്ന സ്വരത്തിലും ഗൌരവഭാവത്തിലും ഒരച്ചൻ ചോദിച്ചു, ''എന്താണു് രഹസ്യമായി ഈ ചെയ്യുന്നതു്? ഇങ്ങനെയൊന്നും ഇവിടെ കൊണ്ടുവരരുതെന്നു ഞാൻ പറഞ്ഞിട്ടില്ലേ? '' എന്നു്.

ഇതിനു സരസനായ വൃദ്ധൻ അതേ സ്വരത്തിലും അതേഭാവത്തിലും ഉടനടി നൽകിയ മറുപടി ഇതായിരുന്നു:

www.malankaralibrary.com

''ഞങ്ങടെ പുത്തങ്കൂറ്റുകാർ പറഞ്ഞാൽ കേൾക്കുകയില്ലെ ന്നു അച്ചൻ അറിഞ്ഞിട്ടില്ലേ?''

ഇതിനെ തുടർന്നു അദ്ദേഹം പറയുകയാണ്: ''എ ന്റെ അച്ചാ, എന്നെപ്പററി എന്തോ വലുതായി അച്ചന്മാർ ധരിച്ചിട്ടുള്ളതായി തോന്നുന്നു. എനിക്കു അധികമൊന്നും അറിഞ്ഞു കൂടാ. പലതും അറിയേണ്ടതായും പഠിക്കേണ്ടതായും ഉണ്ട്. ഞാൻ ഇനിയും ഒരു പഴയകൂററു കാതോലിക്കൻ ആയിട്ടില്ലെന്നു ഓക്കണം. എന്നെ ഒരു വെറും 'പുത്തൻകൂററു' കാതോലിക്കനായി മാത്രം കരുതി ക്കൊണ്ടു എനിക്കു വേണ്ടതു പറഞ്ഞുതന്നു പഠിപ്പിക്കണം. ഇതാണെന്റെ ഏക പ്രാത്ഥന.

X X X X X

മി. കോരുതിനു വേണ്ട വൈദികകർമ്മങ്ങൾ നടത്തി ക്കൊടുക്കാനായി ഞങ്ങൾ കൊട്ടാരക്കര നിന്നും ഇടയ്ക്കി ടെ തുമ്പമണ്ണിൽ ചെന്നിരുന്നു. തദവസരങ്ങളിൽ ഞങ്ങ ൾക്കുള്ള ഭക്ഷണം സ്വന്തവീട്ടിൽ പാകം ചെയ്യിച്ച് ഞങ്ങൾ താമസിച്ചിരുന്ന വീട്ടിൽ വൃദ്ധൻതന്നെ കൊണ്ടുവന്നു തരു കയായിരുന്നു പതിവ്. ഇതിൽ ഞങ്ങൾ അക്ഷമത പ്ര ദർശിപ്പിക്കുകയും, മററുതരത്തിൽ ഇതിലേക്കു വേണ്ട ഏർപ്പാടു ചെയ്യണമെന്നും, തന്നെത്താൻ ഈ വിധം ചുമന്നു കൊണ്ടു വരരുതെന്നും നിർബന്ധമായി പറയുകയും ചെ യ്തിട്ടുണ്ട്. എന്നാൽ, ഇതിനു ഒരവസരത്തിൽ അദ്ദേഹം പറഞ്ഞ സമാധാനം ഇതായിരുന്നു.

''ഞാൻ ഇത്രയും കാലം സത്യം ഗ്രഹിക്കാതെ ജീ വിതം കഴിച്ചു. ഇക്കാലമെല്ലാം ഒരുവിധത്തിൽ പാഴാ യിപ്പോയെന്നു പറയാം. അതിനാൽ, ഇനിയുള്ള ചുരു ങ്ങിയ കാലംകൊണ്ട് ഞാൻ വല്ലതും സമ്പാദിക്കണ്ടേ? എന്നെ സത്യവഴി കാണിച്ചുതന്ന യേശുമിശിഹായുടെ സ്ഥാനപതികളായ ആ അച്ചന്മാർക്കു വേണ്ടി ഞാൻ വല്ല തും ചെയ്യേണ്ടതു എന്റെ കടമയാണെന്നും, അവക്കു വേ ണ്ടി ഞാൻ ചെയ്യുന്ന ഏററം നിസ്സാരമായ സംഗതികൾ

www.malankaralibrary.com

കൂടെയും തക്ക സമ്മാനം പരലോകത്തിൽ എനിക്കു കിട്ടു മെന്നുമാണ് എൻെറ വിശ്വാസം. അതുകൊണ്ടു, ഇങ്ങനെ ചെയ്യുന്നതിൽ അച്ചന്മാർ എന്നെ തടയരുതെന്നാണ് എൻെറ അപേക്ഷ.

X X X X X X X X

മി. കോരുതു കത്തോലിക്കാ സഭയിൽ പ്രവേശിച്ചിട്ട് കുറെ കാലങ്ങളായിട്ടും കുടുംബാംഗങ്ങൾ അതിൽ പ്രവേശിക്കാതെ നില്ക്കുന്നതു എന്തുകൊണ്ടാണെന്നും, അവരോടു ഒന്നും പറയുന്നില്ലയോ എന്നും ചോദിച്ചിരുന്നവർക്കു വൃദ്ധൻ കൊടുത്തിരുന്ന മറുപടി ഇതാണ്.

"ഞാൻ സത്യം ഗ്രഹിച്ചു മാത്രമാണ് കാതോലിക്കനായിത്തീർന്നതെന്നു അവർക്കറിയാം. ഞാൻ നിർബന്ധമായി പറഞ്ഞാൽ അവരും സഭയിൽ പ്രവേശിച്ചേക്കും. പക്ഷേ, അങ്ങനെ ചെയ്യേണ്ടാവശ്യം ഞാൻ കാണുന്നില്ല. സ്വയം ബോദ്ധ്യം വന്നിട്ടു അവർ ചേരട്ടെ എന്നാണ് ഞാൻ വിചാരിക്കുന്നതു്. സഭയെ സംബന്ധിച്ചു ഞാൻ അവരോടു പറയുന്നതിനും പുറമേ, സഭാനടപടികൾ അനുസരിച്ചു ജീവിക്കാനും ഞാൻ ശ്രമിച്ചുവരുന്നു. എൻെറ ജീവിതം കണ്ടിട്ടു അവർ വേണ്ടതു ചെയ്തുകൊള്ളട്ടെ എന്നാണ് ഞാൻ വെച്ചിരിക്കുന്നതു്. അവർക്കു വേണ്ടി ഞാൻ നിരന്തരം പ്രാത്ഥിക്കുന്നുമുണ്ട്.

ഈ മനഃസ്ഥിതിയുടെ ഫലമായി മി. കോരുതിൻെറ വൃദ്ധയായ ഭാര്യ ബഥനിപ്രസ്ഥാനത്തിൻെറ ആവിർഭാവത്തോടെ സഭയിൽ പ്രവേശിക്കുകയും, 1934—ൽ മരണം പ്രാപിക്കുകയും ചെയ്തു. ഇരു പുത്രന്മാരിൽ ഒരു മാർത്തോമ്യനായിരുന്ന ഇളയ പുത്രൻ മി. സി. കെ. കോശി കുടുംബസഹിതം മററു ചില ആളുകളോടുംകൂടെ വൃദ്ധൻെറ ശവസംസ്കാര ദിവസം തന്നെ 1936—ലും, യാക്കോബ്യനായിരുന്ന മൂത്ത പുത്രൻ മി. സി. കെ. തോമ്മസും കുടുംബവും 1942—ലും കത്തോലിക്കാസഭയിൽ ചേരുകയുണ്ടായി.

www.malankaralibrary.com

# ഉപസംഹാരം

പന്തളം മിഷനിലെ ഞങ്ങളുടെ പ്രവത്തനം നിത്ത്യലാക്കിക്കൊണ്ടു് ഞങ്ങൾ മടങ്ങുന്ന അവസരത്തിൽ കൊല്ലം മെത്രാൻ ബൻസിഗർ തിരുമേനി തൻെറ 8–1–'25–ലെ 10774–ാം നമ്പർ കല്പനവഴി ആവശ്യപ്പെട്ടതനുസരിച്ച് മൂന്നു കൊല്ലങ്ങൾക്കിടയിൽ ഞങ്ങൾ സന്ദർശിച്ചിട്ടുള്ള വിവിധ പുത്തങ്കൂററു കേന്ദ്രങ്ങളിലെ സ്ഥിതിവിവരങ്ങൾ വിശദമായി കാണിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടു അദ്ദേഹത്തിനു ഞങ്ങൾ സമർപ്പിക്കുകയുണ്ടായി. അതിൻെറ ചുരുക്കം ഇതാണു്:—

"ആദ്യം പന്തളത്തും, പിന്നീടു തുമ്പമണ്ണിലും, ഒടുവിൽ കൊട്ടാരക്കരയും വാസം ഉറപ്പിച്ചുകൊണ്ടു് പന്തളം, തുമ്പമൺ, കൊട്ടാരക്കര, തലവൂർ, കിഴക്കേത്തെരുവു, അടൂർ, ചന്ദനപ്പള്ളി, ഓമല്ലൂർ, നീർലാകം, പുത്തൻകാവു്, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങൾ ഞങ്ങൾ പലതവണ സന്ദർശിച്ചിട്ടുണ്ടു്. എന്നാൽ, ഇവയിൽ തുമ്പമണ്ണിലും, ഓമല്ലൂരുമല്ലാതെ ഇതര സ്ഥലങ്ങളിൽ പുനരൈക്യത്തിനുള്ള വലിയ ശരണമൊന്നും കാണുന്നില്ല. പൊതുവായി പറഞ്ഞാൽ, അവരുടെ മതവിജ്ഞാനത്തിൻെറ കുറവും, അനുസരണാഭിരുചിയില്ലുള്ള ധൃഷ്ടതയും, സ്വാതന്ത്ര്യത്തിനുള്ള അത്യാകാംക്ഷയും നിമിത്തം അവരുടെ പുനരൈക്യം അത്ര എളുപ്പമല്ലെന്നാണു തോന്നുന്നതു്.

"എന്നിരുന്നാലും അവിടവിടെ പൂർണ്ണബോദ്ധ്യത്തോടെ പുനരൈക്യപ്പെടുന്ന യാക്കോബായ സഹോദരങ്ങൾക്കു സാമുദായികമായി, പ്രത്യേകിച്ചും വിവാഹസംബന്ധമായി, നേരിട്ടുകൊണ്ടിരിക്കുന്ന വിഷമതകൾ നിരവധിയാണു്. കൂട്ടമായുള്ള സഭാപരിവർത്തനം വഴിയല്ലാതെ അവ പരിഹരിക്കപ്പെടുവാനും പ്രയാസം. അതിനാൽ,

www.malankaralibrary.com

അത്തരത്തിലുള്ള പുനരൈക്യത്തിനു വഴിതെളിക്കുന്ന വല്ലൊരു പുതിയ മാർഗ്ഗം കണ്ടെത്തിയേ മതിയാവൂ. അതിനാകട്ടെ, അവരുടെ റീത്ത് അനുവദിച്ചുകൊടുക്കുന്നതു സഹായകമായിരിക്കുമെന്നു തോന്നുന്നു."

ഇവയെല്ലാമാണ് കൊല്ലം മെത്രാനച്ചന്റെ ആഗ്രഹാനുസരണം 1—2—'25—ൽ, അനുഗ്രഹാശിസ്സുകരം അർത്ഥിച്ചുകൊണ്ട്, ഞങ്ങരം അദ്ദേഹത്തിനു സമർപ്പിച്ച റിപ്പോർട്ടിന്റെ ചുരുക്കം.

പ്രസ്തുത റിപ്പോർട്ടിൽ ഞങ്ങരം സന്ദർശിച്ചിട്ടുള്ള വിവിധ സ്ഥലങ്ങളിലെ അന്നത്തെ സ്ഥിതിഗതികരം വിവരിച്ചു കാണിച്ചിട്ടുണ്ടെങ്കിലും അവയിൽ തുമ്പമണ്ണിലും ഓമല്ലൂരും അല്ലാതെ മറെറാരിടത്തും പുനരൈക്യത്തിനുള്ള ശരണമൊന്നും കാണുന്നില്ലെന്നാണല്ലൊ പറഞ്ഞിരിക്കുന്നതു്. എന്നാൽ, ദൈവത്തിന്റെ വഴികരം ആരറിയുന്നു! അന്നത്തേതിൽനിന്നും വളരെ വ്യത്യസ്തവും വിസ്മയാവഹവുമാണ് 50 കൊല്ലങ്ങരംക്കു ശേഷമുള്ള അവിടങ്ങളിലെ ഇന്നത്തെ സ്ഥിതി. ഉദാഹരണമായി, അന്നു് ഞങ്ങരം പല പ്രാവശ്യം സന്ദർശിച്ചിട്ടുള്ളതും, റിപ്പോർട്ടിൽ പുനരൈക്യത്തിനു അത്ര ശരണമില്ലാത്ത ഗണത്തിൽ ഉരംപ്പെടുത്തിയിരുന്നതും, അന്നു ഒററ കത്തോലിക്കൻപോലും ഇല്ലാതിരുന്നതുമായ കിഴക്കേത്തെരുവിലെയും ചന്ദനപ്പള്ളിയിലെയും ഇന്നത്തെ സ്ഥിതി കണ്ടാലും!

കൊട്ടാരക്കര കിഴക്കേത്തെരുവിൽ ഇന്നു 125 കത്തോലിക്കാ കുടുംബങ്ങളും, നല്ലൊരു പള്ളിയും, ഒരു കന്യകാമഠവും, ഒരു ഹൈസ്കൂളും, പല കത്തോലിക്കാ സംഘടനകളും ഉണ്ടെന്നാണ് അറിയുന്നതു്. അവിടത്തെ ഇപ്പോഴത്തെ (1971) വികാരി പ്രസിദ്ധനായ തുമ്പമൺ വലിയപ്പന്റെ പൌത്രൻ ഫാദർ സി. കെ. കോശി ചക്കാലമണ്ണിൽ ആണ് എന്നതും പ്രസ്താവ്യമാണ്.


അങ്ങനെ തന്നെ, കൈപ്പട്ടൂരിനു സമീപമുള്ള ചന്ദനപ്പള്ളിൽ 100—ൽപരം കത്തോലിക്കാ കുടുംബങ്ങളും, ഒന്നാം

www.malankaralibrary.com

തരം വലിയൊരു പള്ളിയും, ഒരു കന്യകാമഠവും, ഒരു നേഴ്സറി സ്കൂളും, ചില കത്തോലിക്കാ സംഘടനകളും, ഇടവകക്കാരായി 14 പട്ടക്കാരും, 8 കന്യാസ്ത്രീകളുമാണു് ഇന്നുള്ളതു്. ഈ ഇടവകയിലെ ഒരു പ്രമുഖാംഗവും, ഇവിടെ ആദ്യമായി പുനരൈക്യപ്പെട്ട ഒരു ധീരാത്മാവും, അന്നത്തെ വിവിധ സ്ഥലങ്ങളിലേക്കുള്ള എന്റെ മിഷൻ യാത്രകളിൽ എന്നെ വളരെയധികം സഹായിച്ചിട്ടുള്ള ഒരു പ്രേഷിതവര്യനുമാണു് ഈ '71 ഒക്ടോബർ 10-ൽ 84-ാം വയസ്സിൽ നിര്യാതനായ നരിയാപുരം അയ്യനേത്തു പീലിപ്പോസ് വാദ്ധ്യാർ എന്നുള്ള സംഗതിയും കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ.

L. D. S. & M.

( Superiorum Permiss u )



www.malankaralibrary.com

Printed at
The Catholic Mission Press, Kottayam.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com